

വാർത്താമാസിക കേരളപ്പിറവിദിന പതിപ്പ്

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2018 നവംബർ

Volume X Issue 11





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**



TIMES OF AMERICA ONLINE MONTHLY JOURNAL
web: **timesofamerica.org**





Managing Editor: **Mathew George**
Tel: 267-991-2111
e-mail:**timesofamerica@yahoo.com**






2



രവിവർമ്മ തമ്പുരാൻ

## മേധാ ജ്ഞാനേശ്വർ

നീയെവിടെ?
നിന്റെ വീടിന്റെ മുന്നിൽ. ഗേറ്റ് തുറക്കാൻ ശ്രമിക്കുകയാ.
അയ്യോ ഞാനവിടില്ലല്ലോ.
ഞാൻ കാത്തു നിൽക്കാം. വേഗം വാ.
എടാ ഞാൻ മാവേലിക്കരയ്ക്കു പൊയ്ക്കൊണ്ടിരിക്കുകയാ. പത്താം കുറ്റി കഴിഞ്ഞു.
ശ്ശോ. കുമാർ, ഉള്ളിൽ കടക്കാൻ വേറെ ചെറിയ ഗേറ്റ് വല്ലതുമുണ്ടോ? ആ പൊതി!!
രക്ഷയില്ലല്ലോ. നീയത് അടുത്ത വീട്ടിൽ ഏൽപ്പിക്ക്.
അടുത്തെങ്ങും വീടില്ലല്ലോ.
നേരെ റോഡിൽ ചെല്ല്. അവിടെ സപ്തസ്വരം എന്നൊരു ബോർഡ് കാണാം.

## കേരള കവ്യാഞ്ജലി

5



കേരളഗീതം



കേരളഗാനം



കേരളം വളരുന്നു

6



മലയാളരാജ്യം



7

വീരകേരളം

ജയകേരളത്തിന് ആശംസ





## ഇന്ത്യയുടെ ഉരുക്കു മനുഷ്യൻ സർദാർ വല്ലഭഭായ് പട്ടേൽ

ഡോ. ടി.പി. ശങ്കരൻകുട്ടി നായർ

9

ന്യൂയോർക്കിലുള്ള സ്റ്റാച്യൂ ഓഫ് ലിബർട്ടിയുടെ ഉയരം 93 മീറ്ററാണ്. 2018 ഒക്ടോബർ 31 ന് നമ്മുടെ പ്രധാനമന്ത്രി നരേന്ദ്രമോദിജി ഉദ്ഘാടനം ചെയ്ത ലോകത്തിലെ ഏറ്റവും ഉയരംകൂടിയ – 182 മീറ്റർ – സ്റ്റാറ്റ്യൂ ഓഫ് യൂണിറ്റി എന്ന സർദാർ വല്ലഭഭായി പട്ടേലിന്റെ പ്രതിമയാണ്.



12

# വിസ്മയപ്രപഞ്ചമൊരുക്കുന്ന മജീഷ്യൻ സാമ്രാജ്



ജോർജ് തഴക്കര

**രാ**ജ്യാന്തരതലത്തിൽ അറിയപ്പെടുന്ന പ്രശസ്തമജീഷ്യനാണ് സാമ്രാജ്. 'മാജിക് ഒരു അത്ഭുത കല', ഇച്ഛാശക്തികൊണ്ട് ഗ്രാമീണാന്തരീക്ഷത്തിൽ നിന്നും പ്രയത്നശീലം കൊണ്ട് ആർജിച്ചതാണ് അദ്ദേഹത്തിലെ മാജീഷ്യൻ. മാജിക്കിന്റെ ഓസ്കാർ എന്നറിയപ്പെടുന്ന 'മെർലിൻ പുരസ്കാരം' ഉൾപ്പെടെ ഒട്ടേറെ ബഹുമതികൾ മജീഷ്യൻ സാമ്രാജിനെ തേടിയെത്തി.

മുള്ളിക്കുളങ്ങരയിൽ ഉമ്പർകാട് കണ്ടത്തിൽ കുടുംബത്തിൽ 1956ൽ ജനിച്ചു. പിതാവ് കെ.ജി.ജോർജ്. മാതാവ് മറിയാമ്മ ജോർജ്.

മുള്ളിക്കുളങ്ങര ഗവൺമെന്റ് എൽ.പി.സ്കൂളിൽ തെരുവു മാന്ത്രികരായ ദമ്പതികൾ അവതരിപ്പിച്ച ജാലവിദ്യ കണ്ടതോടെ തനിക്കും ഒരു മജീഷ്യൻ ആകണമെന്ന് ജോർജ് സാമുവൽ ആഗ്രഹിച്ചു. സ്കൂൾ അങ്കണത്തിന്റെ കിഴക്കേമുറ്റത്തുള്ള തേന്മാവിൻ തണലിൽ ഒരുച്ചനേരത്ത് മുഷിഞ്ഞ വസ്ത്രം ധരിച്ച ഒരു മധ്യവയസ്കനും അയാളുടെ ഭാര്യയും ഭാണ്ഡക്കെട്ടുമായി വന്നു. അവർ ഭാണ്ഡക്കെട്ട് അഴിച്ചു. ജാലവിദ്യ കാണിക്കാനുള്ള മാന്ത്രികവടി ഉൾപ്പെടെയുള്ള സാധനങ്ങളായിരുന്നു അതിലുണ്ടായിരുന്നത്. ഉടുക്കുപോലുള്ള ചെണ്ട കൊട്ടിത്തുടങ്ങി. കുട്ടികൾ അവർക്കു ചുറ്റും കൂടി. പലതായി മുറിച്ച കടലാസ് അയാൾ വായിൽ തിരുകിക്കയറ്റി. തൊണ്ടമുതൽ നെഞ്ചുവരെ തടവിയിറക്കി. എന്നിട്ട് വായ് തുറന്നുകാണിച്ചു വായിലില്ലെന്നു കുട്ടികളെ ബോധ്യപ്പെടുത്തി. അല്പം കഴിഞ്ഞപ്പോൾ കടലാസുകഷണങ്ങൾ കൂടിച്ചേർന്ന മാല വായിൽ നിന്നും വലിച്ചെടുത്തു. ജോർജ് സാമുവലിന് അതിശയം. ചീട്ടുകളും കയറും ഉപയോഗിച്ച് പിന്നെയും അവർ പരിപാടികൾ കാണിച്ചുകൊണ്ടിരുന്നു. ഇതെങ്ങനെ സാധിക്കുന്നു? ആദ്യമായി ഒരു ചോദ്യമുയർന്നു. പിന്നീട് ജാലവിദ്യക്കാരൻ അവതരിപ്പിച്ചത് ഭയപ്പെടുത്തുന്ന ഒരു ദൃശ്യമായിരുന്നു. പരവതാനിയിൽ മലർന്നു കിടക്കുന്ന ഭാര്യയുടെ കഴുത്തിൽ ഒരു നേന്ത്രപ്പഴം വച്ചു. ഭാണ്ഡത്തിൽ നിന്നും ഉറുമിയെടുത്തു അന്തരീക്ഷത്തിൽ ചുഴറ്റിവീശി. അതിനുശേഷം ഉറുമി അവരുടെ കഴുത്തിനുനേരെ ആഞ്ഞുവീശി. നേന്ത്രപ്പഴം മാത്രം രണ്ടായി മുറിഞ്ഞുമാറിയിരിക്കുന്നു! ഒന്നും സംഭവിക്കാത്തതുപോലെ അവർ എഴുന്നേറ്റു. അപ്പോഴേക്കും ജോർജ് സാമുവലിന്റെ അതിശയം പാരമ്യതയിലെത്തിയിരുന്നു. ആ കാഴ്ച കണ്ടു ഭയന്നുനിന്ന കുട്ടികൾക്ക് ഒഴിഞ്ഞ തകരപ്പാട്ടയിൽ നിന്നും മുന്തിരി ഉണ്ടാക്കി വിതരണം ചെയ്തപ്പോഴേക്കും അവരെല്ലാം കൈയ്യടിച്ച് ജാലവിദ്യക്കാരനെ അഭിനന്ദിച്ചു. തനിക്കു കിട്ടിയ മുന്തിരി ഇടയ്ക്കിടെ നോക്കിക്കൊണ്ട് ജോർജ് സാമുവൽ വീട്ടിലെത്തുംവരെ സ്വയം ചോദിച്ചുകൊണ്ടിരുന്നു, 'ഇതെങ്ങനെ?' നാടോടി കാട്ടിയ ജാലവിദ്യകളെക്കുറിച്ച് അമ്മയോടു വാതോരാതെ പറഞ്ഞു. ശൂന്യതയിൽനിന്നും സൃഷ്ടിച്ച മുന്തിരിങ്ങ കാണിച്ചു. കുട്ടിച്ചാത്തന്റെ സേവയായിരിക്കുമെന്നും മുന്തിരിങ്ങ തിന്നരുതെന്നും അമ്മ ഉപദേശിച്ചു.

**മുള്ളിക്കുളങ്ങര ഗവൺമെന്റ് എൽ.പി.സ്കൂളിൽ തെരുവു മാന്ത്രികരായ ദമ്പതികൾ അവതരിപ്പിച്ച ജാലവിദ്യ കണ്ടതോടെ തനിക്കും ഒരു മജീഷ്യൻ ആകണമെന്ന് ജോർജ് സാമുവൽ ആഗ്രഹിച്ചു. സ്കൂൾ അങ്കണത്തിന്റെ കിഴക്കേമുറ്റത്തുള്ള തേന്മാവിൻ തണലിൽ ഒരുച്ചനേരത്ത് മുഷിഞ്ഞ വസ്ത്രം ധരിച്ച ഒരു മധ്യവയസ്കനും അയാളുടെ ഭാര്യയും ഭാണ്ഡക്കെട്ടുമായി വന്നു.**

ജാലവിദ്യക്കാരൻ എങ്ങനെയാണ് മുന്തിരിങ്ങ സൃഷ്ടിച്ചത്? പിന്നീടുള്ള പല ദിവസ



# വിസ്മയപ്രപഞ്ചമൊരുക്കുന്ന മജീഷ്യൻ സാമ്രാജ്

ങ്ങളിലും ഇതു തന്നെയായിരുന്നു ആലോചന. ആലോചനയിൽ നിന്നും ചില കാര്യങ്ങൾ തെളിഞ്ഞു. ഒരു മാന്ത്രികനെപ്പോലെ തലപ്പാവു ധരിച്ച് മാന്ത്രിക ദണ്ഡുമായി ജാലവിദ്യ കാണിക്കുന്നതായി സ്വയം കരുതി. അതു പലദിവസങ്ങളിലും സ്വപത്തിലൂടെ കടന്നുവന്നു. ഉറക്കം ഉണരുന്നതും അതു പോലെയുള്ള ചിന്തയുമായിട്ടായിരിക്കും. സ്കൂളിൽ വന്ന നാടോടികളെ പല ദിവസവും അന്വേഷിച്ചെങ്കിലും അവരെ അവിടെയെങ്ങും കണ്ടെത്താൻ കഴിഞ്ഞില്ല.

തനിക്കൊരു ജാലവിദ്യക്കാരനാകണം. അതിനു ജാലവിദ്യ കാണിക്കണ്ടേ? പരീക്ഷിച്ചുനോക്കുവാൻതന്നെ തീരുമാനിച്ചു. അടുക്കളയിൽ നിന്നും ബോൺവിറ്റ ടിൻ എടുത്തു. നിറമടിച്ചുണക്കി. വല്യപ്പച്ചന്റെ ചാരുകസേരയുടെ തുണി ബന്ധിപ്പിച്ചിരുന്ന ഉരുളൻ വടിയെടുത്ത് വർണ്ണക്കടലാസിൽ പൊതിഞ്ഞു മാന്ത്രിക ദണ്ഡുണ്ടാക്കി. രണ്ടും ഭദ്രമായി ആരുമറിയാതെ പുറംതിണ്ണയുടെ മൂലയിൽ കൊണ്ടുവെച്ചു. സ്കൂളിൽ പോകാനിറങ്ങിയപ്പോൾ അതുമെടുത്തു നടന്നു. ആരും കാണുന്നില്ലെന്നു ഉറപ്പുവരുത്തി. ഊണു കഴിഞ്ഞ് മാവിൻച്ചോട്ടിൽ കൂടണമെന്ന് കൂട്ടുകാരോടു മുൻകൂട്ടി പറഞ്ഞിരുന്നു. ജോർജ് സാമുവൽ തന്റെ മാന്ത്രികവിദ്യ അവതരിപ്പിക്കാൻ പോകുന്നു. ഈർക്കിലും കടലാസും ഉപയോഗിച്ച് ഒന്നുരണ്ട് ഐറ്റങ്ങൾ കാട്ടി. പ്രധാന ഐറ്റമായ ഒഴിഞ്ഞ തകരപ്പാട്ട എടുത്തു. ആംഗ്യവും മന്ത്രിവും ചൊല്ലി അതിൽ നിന്നും ഏത്തയ്ക്ക ഉപ്പേരി എടുത്തു കൂട്ടുകാർക്കു വിതരണം ചെയ്തു. ജോർജ് സാമുവൽ എന്ന മാന്ത്രികന്റെ ആദ്യത്തെ അരങ്ങേറ്റമായിരുന്നു അത്. കൂട്ടുകാർ ജോർജ് സാമുവലിനെ മാൻഡ്രേക്ക് എന്നു വിളിച്ചുതുടങ്ങി. താൻ ഒരു ജൂനിയർ മാൻഡ്രേക്ക് ആയിരിക്കുന്നു! ജോർജ് സാമുവൽ സ്വയം പറഞ്ഞു.

ജാലവിദ്യക്കാരനായി വീട്ടിലെത്തിയപ്പോൾ ചൂരൽ പ്രയോഗവും വഴക്കും ജോർജ് സാമുവലിനെ  കാത്തിരിക്കുന്നുണ്ടായിരുന്നു. തകരപ്പാട്ട കൈക്കലാക്കുന്നതിനുവേണ്ടി അതിലുണ്ടായിരുന്ന ബോൺവിറ്റ ഒരു പേപ്പറിലേക്ക് മാറ്റിയിട്ടത് കട്ടപിടിച്ചിരിക്കുന്നു. വറുത്തു വെച്ച ഉപ്പേരിയുടെ അളവ് കുറഞ്ഞിരിക്കുന്നു. അടുത്ത വീട്ടിലെ വല്യപ്പച്ചൻ കുശാലാന്വേഷണം നടത്തുന്നതിനായി വന്നു ചാരുകസേരയിലിരുന്നപ്പോൾ താഴെവീണ് നടു ഉളുക്കിയിരിക്കുന്നു. പോരെ  തെളിവുകൾ. വല്യപ്പച്ചന്റെ വഴക്കും അമ്മയുടെ ചൂരൽ പ്രയോഗവും. ഇനി ഉടനെ മറ്റൊരു ജാലവിദ്യയും കാണിക്കേണ്ടായെന്ന് തീരുമാനിച്ചു. എങ്കിലും ആ ബാല്യമനസ്സിൽ ഒരു മാന്ത്രികനുണ്ടായിരുന്നു.

പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കിയതിനെ തുടർന്ന് ജോർജ് സാമുവൽ ബോംബെയ്ക്കുപോയി. പാമർ ആന്റ് കമ്പനി എന്ന ചാർട്ടേഡ് അക്കൗണ്ട് കമ്പനിയിൽ ഓഡിറ്റ് അസിസ്റ്റന്റായി ജോലിക്കു ചേർന്നു.

ഒപ്പം പഠനവും തുടർന്നു. മലാട് റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഒരാൾക്കൂട്ടം. ഗുണ്ടാതർക്കമല്ലായെന്നു മനസ്സിലാക്കി അവിടേക്കു നടന്നു. നാടോടിയായ ഒരു ജാലവിദ്യക്കാരൻ. ഹിന്ദിയും മറാഠിയും കലർന്ന ഭാഷയിൽ സംസാരിച്ചുകൊണ്ട് ജാലവിദ്യ കാണിക്കുകയാണ്. ഒരാളിൽ നിന്നും അയാൾ മോതിരം വാങ്ങി. ഇരുമ്പുദണ്ഡ് ഉപയോഗിച്ച് ഇരുമ്പുചട്ടിയിലിട്ട് അത് പൊടിച്ച് ആകാശത്തേക്ക് പറത്തിയപ്പോൾ അതെല്ലാം സ്വർണ്ണത്തൂവലുകളായി പാറിനടക്കുന്നു. എല്ലാവരും അതിശയിച്ച് കൈയ്യടിച്ചപ്പോൾ മോതിരം നൽകിയ ആൾ ജാലവിദ്യക്കാരനോട് കയർത്തു. അയാളെ ആശ്വസിപ്പിച്ചുകൊണ്ട് മാന്ത്രികൻ അയാൾക്ക് ഒരു ആപ്പിൾ നൽകി, അത് മുറിച്ച് നോക്കാൻ പറഞ്ഞു. അതിനുള്ളിൽ അതാ അയാളുടെ മോതിരം.

പഠനത്തിനിടയിൽ മറഞ്ഞുകിടന്ന ആഗ്രഹം ജോർജ് സാമുവലിലുണർന്നു. സ്വപ്നവഴികളിലെ അകലത്തെ കുറച്ചുകൊണ്ട് ഇതാ തനിക്കു മുന്നിൽ മറ്റൊരു നാടോടി മാന്ത്രികൻ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അയാൾ ജാലവിദ്യ കാണിച്ചുതീരുംവരെ ജോർജ് സാമുവൽ അവിടെ നിന്നു. കൂട്ടം പിരിഞ്ഞപ്പോൾ തന്നെ മാന്ത്രികവിദ്യ പഠിപ്പിക്കണമെന്നും പണം നൽകാമെന്നും ജോർജ് സാമുവൽ പറഞ്ഞപ്പോൾ വൈകിട്ട് വന്നാൽ മതിയെന്നു പറഞ്ഞു പിരിഞ്ഞു. കൈയ്യിലുണ്ടായിരുന്ന ഇരുപത്തിയഞ്ചു രൂപ അഡ്വാൻസായി നല്കുകയും ചെയ്തു. അന്നു വൈകിട്ട് പറഞ്ഞതിലും നേരത്തെ ജോർജ് സാമുവൽ മാഹിം റസ്റ്റന്റിൽ ജാലവിദ്യക്കാരനേയും കാത്തുനിന്നു. മണിക്കൂറുകൾ കടന്നുപോയതല്ലാതെ അയാളെ കാണുവാൻ കഴിഞ്ഞില്ല. ജാലവിദ്യക്കാരൻ തന്നെ പറ്റിച്ചിരിക്കുന്നു. പണം പോയതിലല്ല, ആഗ്രഹിച്ച വിദ്യ പഠിക്കാൻ കഴിഞ്ഞില്ലല്ലോ എന്നതിലായിരുന്നു പ്രയാസം.

പഠനത്തിലും ജോലിയിലും ശ്രദ്ധവെച്ചു. ഇതിനിടയിൽ മാജിക്കുമായി ബന്ധപ്പെട്ട വാർത്തകളും പുസ്തകങ്ങളും വായിക്കുവാൻ സമയം കണ്ടെത്തി. താൻ ഒരു മാജിക്കുകാരനാകും. അപ്പോൾ എന്തുപേരിലായിരിക്കും അറിയപ്പെടേണ്ടതെന്ന ചിന്തയായി. മജീഷ്യൻ ജോർജ് സാമുവൽ എന്നു പറഞ്ഞാൽ അത് അംഗീകരിക്കപ്പെടണമെന്നില്ല. വീട്ടിൽ വിളിച്ചിരുന്ന പേര് രാജുവെന്നായിരുന്നു. ജോർജ് സാമുവലിലെ 'സാ'യും രാജുവിലെ 'രാ'യും ചേർത്തൊരു പേരായാലോ എന്നായി. സാമും രാജും ചേർത്തു പറഞ്ഞു



നോക്കി. 'സാംരാജ്'. അതു പലപ്രാവശ്യം പറഞ്ഞുപറഞ്ഞ് 'സാമ്രാജ്' എന്നായി. പുതുമയുള്ള പേര്.  കേൾവിക്കൊരു സുഖം. അതുമതി ഇനി തന്റെ പേരെന്ന് നിശ്ചയിച്ചു. മാജിക് അറിയാത്ത ജോർജ് സാമുവൽ മജീഷ്യൻ സാമ്രാജ് എന്ന് സ്വയം വിളിച്ചു സ്വപ്നത്തെ കൂട്ടുപിടിച്ച് ഭാവനയിൽ വിരാജിച്ചു.

1977ൽ മസ്ക്കറ്റിൽ ജെ ആന്റ് പി. കമ്പനിയിൽ അഞ്ചു വർഷം ജോലി ചെയ്തു. അവിടെവെച്ച് യു.കെ.ആസ്ഥാനമായുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്വാണ്ടിറ്റി സർവേയിൽ പഠനം പൂർത്തിയാക്കി. മജീഷ്യൻ ആകണമെന്ന അടങ്ങാത്ത ആഗ്രഹം ജോർജ് സാമുവലിനെ നിയോഗം പോലെ 1982ൽ ദുബായിലെത്തിച്ചു. ഓവർസീസ് ആസ്റ്റ് കമ്പനിയിൽ എൻജിനീയറിങ് വിഭാഗത്തിൽ ക്വാണ്ടിറ്റി സർവ്വേയറായി ജോലിയിൽ പ്രവേശിച്ചു. അപ്പോഴാണ് അതേ കമ്പനിയിൽ ജാലവിദ്യ കാണിക്കുന്ന ഒരാൾ ജോലി ചെയ്യുന്നുണ്ടെന്ന് അവിചാരിതമായി അറിഞ്ഞത്. രാമൻകുട്ടി എന്നായിരുന്നു അയാളുടെ പേര്. ടെക്നീഷ്യനായിട്ടായിരുന്നു രാമൻകുട്ടി ജോലി ചെയ്തിരുന്നത്. വാഴക്കുന്നം നമ്പൂതിരിയിൽ നിന്നുമാണ് അയാൾ വിദ്യകൾ പഠിച്ചതെന്നു മനസ്സിലാക്കി. അയാളെ അന്വേഷിച്ച് ഫീൽഡിൽ പോയി. രാമൻകുട്ടിയെ പരിചയപ്പെട്ടു. വൈകിട്ട് രാമൻകുട്ടി ജോർജ് സാമുവൽ താമസിക്കുന്ന ക്വാർട്ടേഴ്സിലെത്തി. മാജിക്കിനെക്കുറിച്ച് സംസാരിച്ചു തുടങ്ങി. ഒന്നുരണ്ട് ഐറ്റങ്ങൾ കാണണമെന്നു പറഞ്ഞു. വർണ്ണക്കടലാസുകളെ പൂച്ചെണ്ടാക്കി,



അന്തരീക്ഷത്തിൽ നിന്നും സിഗരറ്റ് പ്രത്യക്ഷപ്പെടുത്തി. പഞ്ചസാരയെ മിഠായിയാക്കി. രാമൻകുട്ടി അവതരിപ്പിച്ച മാജിക് ചെറിയ ചെറിയ ഇനങ്ങളാണെങ്കിലും ആ കൂടിക്കാഴ്ച മാന്ത്രിക വഴികളിലേക്കുള്ള സഞ്ചാരത്തിന്റെ തുടക്കമാകുകയായിരുന്നു.  തന്റെ ജീവിതത്തിനു വഴിത്തിരുവൊരുക്കുവാൻ പ്രേരണ നൽകിയ രാമൻകുട്ടി എന്ന കുട്ടിയാശാനെ ഗുരുസ്ഥാനീയനായി കണ്ടു. ജോർജ് സാമുവൽ മജീഷ്യൻ സാമ്രാജായി മാറുകയായിരുന്നു.

ദുബായ് ഹയത്ത് റീജൻസി ഹോട്ടലിൽ പ്രശസ്ത മാന്ത്രികൻ പോൾ ഡാനിയേൽ മാജിക് അവതരിപ്പിക്കുന്നുണ്ടെന്നറിഞ്ഞു. 100 ദിർഹം ടിക്കറ്റെടുത്ത് അദ്ദേഹത്തിന്റെ മാജിക് കണ്ടു. 'ക്ലോസപ്പ്', 'കൺജ്യൂറിങ്'  ഇനങ്ങളായിരുന്നു  അവതരിപ്പിച്ചത്. പരിപാടി തീർന്നപ്പോൾ നേരിൽ കണ്ട് സംസാരിച്ചു. പിറ്റേദിവസം ഹോട്ടലിൽ വെച്ചും സംസാരിച്ചു. പോൾ ഡാനിയേലിനെ സ്വന്തം കാറിൽ പല സ്ഥലങ്ങളിലും കൊണ്ടുപോയി ദുബായ് മുഴുവൻ കാട്ടിക്കൊടുത്തു. ഇരുവരും സുഹൃത്തുക്കളായി. നിരവധി മോഡേൺ മാജിക്കുകളും അതിന്റെ അവതരണരീതികളും മനസ്സിലാക്കുവാൻ ഈ സൗഹൃദം ഇടയാക്കി.  മാജിക്കുമായി ബന്ധപ്പെട്ട പല കൃതികളും വാങ്ങി വായിച്ചു.

ജോർജ് സാമുവലിലെ മജീഷ്യൻ വളരുകയായിരുന്നു. അറിവും ക്ഷമയും പ്രായോഗികതയും സമന്വയിപ്പിച്ചു. ഇക്കാലത്ത് പ്രശസ്തരായ പല മജീഷ്യൻസും ദുബായിൽ പരിപാടികൾക്കായി വരുകയുണ്ടായി. നോർവേ സ്വദേശിയായ ഫിൻ ജോൺ, യു.കെ. സ്വദേശിയായ ജോണിഹാർട്ട്, റഷ്യക്കാരനായ അലക്സി തുടങ്ങിയ പ്രശസ്ത മജീഷ്യരുമായി പരിചയപ്പെട്ടു. ഇവരിൽ നിന്നും പല വിദ്യകൾ പഠിക്കുവാനും അവരുടെ പ്രകടനത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കാനും കഴിഞ്ഞു.

പലരിൽനിന്നും നേരിട്ടും അല്ലാതെയും പഠിച്ച മാജിക്കുകൾ ഒരു വേദിയിൽ അവതരിപ്പിക്കണമെന്ന മോഹമായി, ചിന്തയായി. സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ചിന്റെ വാർഷികത്തിൽ മാജിക്കു കൂടി ഉൾപ്പെടുത്തുവാൻ സ്ക്രീനിങ് ടെസ്റ്റ് നടത്തിയതിനുശേഷം വികാരിയും ഇടവക സെക്രട്ടറിയും തീരുമാനിച്ചു. വാർഷികപരിപാടിയിലെ അവസാനത്തെ ഇനമായിരുന്നു മാജിക്. ആദ്യമായി പൊതുവേദിയിൽ അവതരിപ്പിക്കുകയാണ്. ആദ്യമൊക്കെ കൈയ്യടിയോടെയാണ് എതിരേറ്റതെങ്കിലും പിന്നീട് ആളുകൾക്ക് ബോറടിച്ചു തുടങ്ങി. കുറേ കഴിഞ്ഞപ്പോൾ വികാരിയും സെക്രട്ടറിയും മാത്രമായി. സാമ്രാജ് ദയനീയമായി വൈദികനെ നോക്കിയപ്പോൾ പരിപാടി അവസാനിപ്പിച്ചുകൊള്ളാൻ ആംഗ്യം കാട്ടി. ആദ്യ അവതരണം പരാജയമായിരുന്നുവെങ്കിലും തനിക്ക് ചിലതെല്ലാം അവതരിപ്പിക്കാൻ കഴിഞ്ഞു എന്നതിൽ മജീഷ്യൻ സാമ്രാജ് സന്തോഷിച്ചു. ഇനി ഒരു അവസരം ഉണ്ടാകുമോ. മറ്റാരെങ്കിലും ഇനി തന്നെ വിളിക്കുമോ എന്ന ആശങ്ക ഉണ്ടായിരുന്നുവെങ്കിലും പരിശ്രമം പാതി വഴിയിൽ ഉപേക്ഷിച്ചില്ല.

രാമൻകുട്ടിയേയും മറ്റൊരു മാന്ത്രികനായ അലിയാസിനെയും കൂട്ടി മാജിക് അവതരിപ്പിക്കാനുള്ള ശ്രമം ആരംഭിച്ചു. ദുബായ് ഇന്ത്യൻ അസോസിയേഷൻ ഭാരവാഹികളെ പല പ്രാവശ്യം കണ്ടു. കുട്ടികൾക്കായിട്ടുള്ള ക്രിസ്മസ് പരിപാടിയിൽ  മാജിക് പ്രോഗ്രാം അവതരിപ്പിക്കാനുള്ള അനുമതി ലഭിച്ചു. ചെറിയ ചെറിയ ഇനങ്ങൾ അവതരിപ്പിച്ചു തുടങ്ങി. അവതരിപ്പിക്കുന്ന ഇനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

*10-ാം പേജിൽ*

കഥ

# മേധാ ജ്ഞാനേശ്വർ



രവിവർമ്മ തമ്പുരാൻ

**കു**വൈത്തിൽ നിന്നു മടങ്ങുമ്പോൾ മാത്യൂസ് ഒരു പൊതി തന്നുവിട്ടു. കുമാറിനു കൊടുക്കണം എന്നു പറഞ്ഞാണ് തന്നത്. തന്റെ വകയല്ല, ഭാര്യയുടെ സംഭാവനയാണ് എന്ന് ആദ്യമേ പറഞ്ഞിരുന്നു. പറയുക മാത്രമല്ല; കുമാർ, ദിസ് ഈസ് നോട്ട് ഫോർ യു, ബട്ട് ഫോർ യുവർ വൈഫ് എന്ന് പുറമെ എഴുതി ഒട്ടിച്ചിട്ടുമുണ്ടായിരുന്നു. കൂടെ പഠിച്ച, നാട്ടുകാരൻ കൂടിയായ പ്രസാദിന്റെ ജീവകാരുണ്യ ഉദ്യമങ്ങൾക്കു പ്രോത്സാഹനമായി അവന്റെ പേരിൽ എഴുതിയ ഒരു ചെക്കും മാത്യൂസ് തന്നിരുന്നു. നാട്ടിൽ ചെന്നാൽ നിങ്ങൾ രണ്ടുപേരും കൂടി പോയി കൊടുക്കണം എന്ന് നിർദ്ദേശിച്ചാണ് ചെക്ക് തന്നത്.

അഞ്ചുദിവസത്തേക്ക് കിട്ടിയ ആദരമായിരുന്നു ആ കുവൈത്ത് യാത്ര. അതിവേഗം അത് അനുഭവിച്ചു തീർന്നു. യാത്രയ്ക്കാകെ വേണ്ടി വന്നത് എട്ടുദിവസം. ആൾബലം കുറഞ്ഞ ഓഫിസിൽ തുടർച്ചയായി അത്രയും ദിവസം ഒരാൾ അവധിയെടുക്കുക ചിന്തിക്കാൻ കഴിയാത്തതായിരുന്നു. എങ്കിലും സുഹൃത്തുക്കൾ സഹായ മനസ്ഥിതിക്കാരായതുകൊണ്ടാണ് അതു സാധിച്ചത്.

ചെന്നാലുടനെ കുമാറിനെ കാണണം എന്ന് കുവൈത്ത് വിടുമ്പോൾ മനസ്സിൽ നിനച്ചെങ്കിലും നെടുമ്പാശേരിയിൽ വന്നിറങ്ങിയ പാടെ ഓഫീസിലെ ജോലി പ്രളയം അതിന്റെ ചുഴിക്കുത്തിലേക്കു വലിച്ചു താഴ്ത്തുകയും കയത്തിൽ നിന്നു കരയണയാനാവാതെ ഞാൻ ക്ലേശനീർ കുടിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ കുമാറിനെ കാണാനുള്ള സമയവള്ളി ഇലാസ്തികമായി വലിഞ്ഞുനീണ്ടു. പല തവണ കൂട്ടുകാരനെ വിളിച്ച് ചെക്കിന്റെയും സമ്മാനപ്പൊതിയുടെയും കാര്യം പറഞ്ഞു. സമയം കിട്ടിയാലുടൻ അവന്റെ നാട്ടിലേക്ക് ചെന്നോളാം എന്ന് ഓരോ തവണയും ഉറപ്പു കൊടുത്തു. പക്ഷേ, ആ ഉറപ്പ് അർധവിരാമത്തിനും പൂർണവിരാമത്തിനും ഇടയിലൊരിടം തേടി പരിക്ഷീണതയിലായി. കുമാറിൽ നിന്നു കേട്ടാവണം പ്രസാദ് ആളെ വിട്ട് ചെക്ക് വാങ്ങി. അപ്പോഴും കുമാറിനുള്ള സമ്മാനപ്പൊതി വീട്ടിലെ പെട്ടിയിൽ വിങ്ങലടക്കി വിശ്രമിച്ചു.

കുമാറിനെ വരുത്തുന്നതു ശരിയല്ല, നീ അങ്ങോട്ടു ചെന്നു കൊടുക്കണം എന്നു മനസു പറഞ്ഞു. ദിവസങ്ങൾ പൊഴിഞ്ഞുപൊകെ, കുറ്റബോധം വർദ്ധിച്ചു വന്നു. പ്രിയ സ്നേഹിതനു കൈമാറാൻ മറ്റൊരു പ്രിയൻ തന്നു വിട്ട സമ്മാനം, എന്റെ പെട്ടിയിലിരുന്നു പഴകുന്നു. കേടാകുന്ന എന്തെങ്കിലും ആയിരിക്കുമോ പൊതിയിൽ. ഉത്കണ്ഠ മലയായി വളർന്നു.

തൊട്ടടുത്തു തന്നെ കുറ്റബോധത്തിന്റെയും സമാധാനക്കേടിന്റെയും കുന്നുകൾ കൂടി വളർന്നു വന്നപ്പോൾ കുമാറിനെ വിളിച്ചു. ചെന്നൈയിലെ കൊടും തമിഴിന്റെ ചൂടു തട്ടി പല തവണ ഫോൺ മുഖം കുനിച്ചു. അവന്റെ ജോലി സദാ സഞ്ചാരം ആവശ്യപ്പെടുന്നതാണ്. ഓരോ തവണയും ഈ ദേശാന്തരഗമനങ്ങളെക്കുറിച്ച് ഊഹിക്കാൻ സഹായിച്ചത് മൊബൈൽ തിരികെ പറഞ്ഞ ഭാഷകളാണ്. മറുതലയ്ക്കൽ വരാൻ കുമാറിന്റെ ചെവിക്കു പലതവണ കഴിയാതെ പോയെങ്കിലും മൊബൈലിൽ അവന്റെ ശിരസ് ചേർന്നു കിട്ടിയപ്പോൾ തമിഴഴകിനെയും ചുടുകാറ്റിനെയും മനസാ നമിച്ച് ചോദിച്ചു.

മഹാനവമിക്കു വീട്ടിൽ കാണുമോ?

എന്തിനാ?

അങ്ങോട്ടു വരാനാ, മാത്യൂസിന്റെ പൊതി!

ങാ, അതിനെന്താ പോര്.

ഹാവൂ. സമാധാനമായി. മഹാനവമി ദിവസം ഓഫിസിൽ പോകണ്ടല്ലോ എന്ന ആശ്വാസത്തിൽ ആ ക്ഷണത്തെ സന്തോഷപൂർവ്വം സ്വീകരിച്ചു. വർഷത്തിൽ ഒൻപതേയുള്ളൂ എന്നതിനാൽ അത്തരമൊരവധി ഞങ്ങൾക്കു ശരിക്കുമൊരു സ്വാതന്ത്ര്യദിനമാണ്.

കുമാറുമായി പറഞ്ഞു ധാരണയായ ശേഷം മറ്റൊന്നു സംഭവിച്ചു. കുടുംബയോഗ ഭരണസമിതിയുടെ കൂടിയാലോചനയ്ക്കും ചെല്ലണമെന്ന സ്നേഹശാഠ്യം ചെന്നിത്തലയിൽ നിന്നു ഫോണിറങ്ങിവന്നു.

വളരെ അടുത്ത സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും ഗൃഹപ്രവേശം, മരണം, വിവാഹം തുടങ്ങിയ സന്ദർഭങ്ങളിലെ എന്റെ അസാന്നിധ്യം ആത്മബന്ധിതരാൽ ശ്രദ്ധിക്കപ്പെടുകയും അവരുടെ പരാതിയുടെ കറുപ്പ് വീണ് മനസിൽ വിങ്ങിക്കിടക്കുകയും ഒന്നു രണ്ടു മാസങ്ങളായി പേറുന്ന ആ വിങ്ങൽ മാറ്റാൻ വീണു കിട്ടിയ ഏകദിനം മഹാനവമി.

രാവിലെ 10 മണിക്ക് ഒറ്റയ്ക്ക് കാറിൽ പുറപ്പാട്. പത്തനംതിട്ടയിൽ നിന്നു ചെന്നിത്തലയിലെത്തി തുടക്കം. വെണ്മണിയിലെ മൂന്നാലു വീടുകളിലൂടെ കുളനടയിലെയും പന്തളത്തെയും ഭവനങ്ങൾ താണ്ടി കൊട്ടാരക്കരയിലെത്തിയപ്പോഴേക്കും കുമാറിന്റെ സന്ധ്യ എന്നു പേരുള്ള വീടിന്റെ മുന്നിൽ സന്ധ്യ ചുവന്നു തുടുത്തു തുടങ്ങിയിരുന്നു. ഉള്ളിൽ വെളിച്ചമുണ്ട്. സമാധാനമായി.

ഗേറ്റ് തുറക്കാൻ ശ്രമിച്ചപ്പോഴല്ലേ മനസ്സിലായത്, അകത്തു നിന്നു പൂട്ടിയിരിക്കുന്നു. പടിവാതിൽ പൂട്ടി അകത്ത് സ്വസ്ഥമായിരിക്കുകയാവുമോ? ഇരുമ്പു കവാടത്തിന് കുറെ തട്ടും മുട്ടുമൊക്കെ കൊടുത്തു. പക്ഷേ, പുതുതായി ഒന്നും സംഭവിച്ചില്ല. പരിഭവിക്കണ്ട. ഫോണിലൂടെ വിസ്മയിപ്പിക്കാം.

നീയെവിടെ?

നിന്റെ വീടിന്റെ മുന്നിൽ. ഗേറ്റ് തുറക്കാൻ ശ്രമിക്കുകയാ.

അയ്യോ ഞാനവിടില്ലല്ലോ.

ഞാൻ കാത്തു നിൽക്കാം. വേഗം വാ.

എടാ ഞാൻ മാവേലിക്കരയ്ക്കു പൊയ്ക്കൊണ്ടിരിക്കുകയാ. പത്താംകുറ്റി കഴിഞ്ഞു.

ശ്ശോ. കുമാർ, ഉള്ളിൽ കടക്കാൻ വേറെ ചെറിയ ഗേറ്റ് വല്ലതുമുണ്ടോ? ആ പൊതി!!

രക്ഷയില്ലല്ലോ. നീയത് അടുത്ത വീട്ടിൽ ഏൽപ്പിക്ക്.

അടുത്തെങ്ങും വീടില്ലല്ലോ.

നേരെ റോഡിൽ ചെല്ല്. അവിടെ സപ്തസ്വരം എന്നൊരു ബോർഡ് കാണാം.

ഞാൻ ഫോണുമായി റോഡിലേക്കു നടന്നു. അവിടൊക്കെ നോക്കിയിട്ടും പറഞ്ഞ ബോർഡ് കണ്ടില്ല. ഇരുട്ടിൽ കറങ്ങിച്ചുറ്റി അവസാനം കണ്ണ് ആ എഴുത്തുപലക തപ്പിയെടുത്തു.

ദാ, സപ്തസ്വരം!

അതിന്റെയടുത്ത് ഒരു നീല വീടു കണ്ടോ?

ങാ, കണ്ടു.

അവിടെ മതിലിൽ എഴുത്തു കണ്ടോ. കെ.പി. ജ്ഞാനേശ്വർ, മേധ ജ്ഞാനേശ്വർ.

കണ്ടു.

ങാ. ആ ഗേറ്റിൽ കൊട്ട്. അവൾ ഇറങ്ങിവരും.

അപ്പോൾ ജ്ഞാനേശ്വരൻ.

അയാൾ കുവൈത്തിലാ. അവരും അമ്മേം രണ്ടു പിള്ളേരും മാത്രമേ വീട്ടിലുള്ളൂ.

പകലിന്റെ മുഴുവൻ ക്ഷീണവും അന്നത്തെ അലച്ചിലിന്റെ ക്ഷമകേടുമൊക്കെ ഉള്ളിലടക്കി ഞാൻ നീലക്കൊട്ടാരത്തിന്റെ ഗേറ്റിൽ തെരുതെരെ കൊട്ടി. കരിംകറുപ്പു നിറമണിഞ്ഞൊരു മേദസ്സിനി ഉള്ളിൽ ദേഷ്യപ്പെട്ടിറങ്ങിവന്നു.

ആരാ.

റോഡിൽ നിന്ന് ഗേറ്റിനുള്ളിലേക്ക് പൊതി നീട്ടിക്കൊണ്ട് ഞാൻ പറഞ്ഞു.

കുമാറിനു കൊടുക്കാനാ.

മുറ്റത്തേക്കിറങ്ങി വന്ന് പൊതി വാങ്ങിക്കൊണ്ട് ആ ചെറുപ്പക്കാരി ചോദിച്ചു.

ഓ, പാഴ്സലാരുന്നോ?

വളരെ വിനയത്തോടെ ഞാൻ പറഞ്ഞു.

അതെ.

അവർ പൊതി വാങ്ങിയതും ഞാൻ റോഡ് മറികടന്ന് കാറിനടുത്തെത്തി. അപ്പോൾ പിറകിൽ അവരുടെ ശബ്ദം ഇങ്ങനെ കേട്ടു.

ഓ, പാഴ്സലു കൊണ്ടു വരുന്നവന്റെയൊക്കെ ഒരവസ്ഥയേ. കാറിലാ സഞ്ചാരം.

ഗിയറിലിട്ട് വണ്ടി എടുത്തതും പിന്നിൽ നിന്ന് ഉച്ചസ്ഥായിയിലുള്ള കൈകൊട്ടൽ കേട്ടു അവർ പിന്നാലെ ഓടിവരുന്നുമുണ്ടായിരുന്നു. പിൻകാഴ്ചകളുടെ കണ്ണാടിയിലൂടെ ആ ഓട്ടം കണ്ട് രസിച്ചുകൊണ്ട് ഞാൻ വണ്ടി പായിച്ചു.

പിറ്റേന്ന് രാവിലെ വിളിച്ചുണർത്തിയത് കുമാറാണ്.

ടാ, നീയേൽപ്പിച്ച പൊതി കിട്ടി. പക്ഷേ, ഒരു പ്രശ്നം. എന്റെ അയൽക്കാരിക്ക് ഉടൻ നിന്നെ കാണണമെന്ന്.

എന്താ. അവർക്കുള്ള പാഴ്സലുകൾ കൃത്യമായി എത്തിച്ചുകൊടുക്കണമെന്നു പറയാനാ ണോ?

നോ.

പിന്നെ...

പൊതിയിലെ കയ്യക്ഷരത്തെ കുറിച്ച് നിന്നോടു സംസാരിക്കണമെന്ന്.

എനിക്കു തീരെ സമയമില്ലെ ന്ന് പറഞ്ഞേര്.

പോടാ അവിടുന്ന്. ഇന്ന് 10 മണിക്ക് മേധ നിന്റെ ഓഫീസിൽ വരും.

ങാ വന്നിട്ടു പോട്ട്. സൗകര്യപ്പെട്ടാൽ കാണാം.

എനിക്കു മുമ്പേ അവർ എ ത്തിക്കഴിഞ്ഞിരുന്നു. തലേദിവസം കണ്ട ആളേയല്ല. അതിഥികളുടെ മുറിയിലേക്ക് ചെന്ന എന്റെ മുഖത്തേക്ക് ആരാധനയും വിസ്മയവും തിരയടിച്ചു നിൽക്കുന്ന നോട്ടം അർപ്പിച്ചുകൊണ്ട് അവർ ചോദിച്ചു.

അവരെ കണ്ടോ?

ആരെ?

ആ പൊതിയിൽ എഴുതിയ ആളെ.

കണ്ടല്ലോ, അവരുടെ വീട്ടിൽ നിന്ന് ആഹാരവും കഴിച്ചു. എന്ത്?

എനിക്കു കാണണം.

തമ്മിൽ അറിയുമോ?

വിഷാദ വിസ്മയങ്ങളുടെ ജുഗൽബന്ദി സ്ഫുരിച്ചുയർന്ന മുഖത്ത് ചിരിയുടെ മുല്ലപ്പൂ വിടർന്നു. നാവിൽ നിന്ന് അക്ഷരങ്ങൾ നനഞ്ഞിറങ്ങിവന്നു.

ഈ ജീവിതം അവരുടെ സം ഭാവനയാണ്.

അതെങ്ങനെ?

ഞാനും കുവൈത്തിലായിരുന്നു കുറെക്കാലം. വിവാഹം കഴിഞ്ഞപ്പോൾ ഭർത്താവ് ജ്ഞാനിക്കൊപ്പം പോയതാണ്. മലയാളികൾ തീരെ കുറവായ മങ്കോഫിലെ ഒരു ഫ്ളാറ്റിൽ. പരിചിതമല്ലാത്ത സ്ഥലം. പരിചിതരല്ലാത്ത ആളുകൾ. വെളുപ്പിന് അഞ്ചുമണിക്ക് ഓഫീസിലേക്കു പോകുന്ന ജ്ഞാനി മടങ്ങിവരുമ്പോൾ സന്ധ്യകഴിയും. അസഹനീയമായ ഏകാന്തതയുടെ ചൂടിൽ വിങ്ങിയ ജീവിതത്തെ വിഷാദരോഗത്തിന്റെ വലക്കണ്ണികൾ വരിഞ്ഞുമുറുക്കി. ഒരു ദിവസം വിശപ്പു സ ഹിക്കാതെ വന്നപ്പോൾ വയറു നിറച്ചത് ചികിത്സകൻ തന്ന ഉറക്കഗുളികകൾ. അൽഅമീരി ആശുപത്രി അഭയത്തിന്റെ പരുത്തികൊണ്ട് പുതപ്പിച്ചു. അവിടത്തെ പ്രഥമശുശ്രൂഷയോടെ ജീവൻ പറിഞ്ഞു പോകാതെ ശേഷിച്ചെങ്കിലും തുടർന്ന് ജീ വിക്കാനുള്ള ആഗ്രഹം വന്ധ്യമായി നിന്നു.

ജീവിതത്തിന്റെ സൃഷ്ടിചൈതന്യങ്ങളിലേക്ക് എന്നെ ഉണർ ത്താൻ അവിടെയൊരു മാലാഖ അവതരിച്ചു. ഹെഡ് നേഴ്സ് ലീന. ബൈബിളും ഭഗവദ്ഗീതയും ഖുർ ആനും ഒക്കെ അവ ർക്കു മനഃപാഠം. ജീവിതത്തി ന്റെ തുടിപ്പുകളെ കുറിച്ചും ത്രസിപ്പുകളെക്കുറിച്ചും അവർ എന്നോടും ഭർത്താവിനോടും മാറിമാറി സംസാരിച്ചു. ഇടുങ്ങിയ ഫ്ളാറ്റിലെ ഇടുങ്ങിയ മുറിയിൽ ഇടുങ്ങി ജീവിക്കുന്നതിന്റെ ഞെരുക്കം മറക്കാൻ അവർ കൂട്ടായി. ഓരോ ദിവസവും രാവിലെ മുറിയിലേക്കു വരുമ്പോൾ ഒരുതുണ്ടു കടലാസിൽ നാലുവരി എഴുതിക്കൊണ്ടാണ് അവർ വന്നത്. ചില ദിവസങ്ങളിൽ അത് കവിത. ചിലപ്പോൾ ബൈബിൾ. മറ്റു ചിലപ്പോൾ ഗീത. ഇടയ്ക്ക് ഖുർ ആൻ. ചൈനീസ്, ഗ്രീക്ക് തത്ത്വചിന്തകൾ വേറെ ദിവസങ്ങളിൽ. 25 ദിവസം കൊണ്ട് അവരെന്നെ ജീവിതത്തിന്റെ നിറപ്പകിട്ടുകളിലേക്ക്, പ്രതീക്ഷയുടെ പച്ചപ്പുകളിലേക്ക്, സ്നേ ഹത്തിന്റെ കറുപ്പിലേക്ക് ഒ ക്കെ നയിച്ചു.

യാത്ര പറഞ്ഞിറങ്ങുമ്പോൾ അവർ തന്ന കുറിപ്പിലാണ് ആ കൃഷ്ണനിറം കണ്ടത്.

സ്നേഹത്തിന്റെ നിറം കറുപ്പാണ്.

തീവ്രസ്നേഹത്തിന്റെ നിറം കറു കറുപ്പാണ്.

സനേഹത്തിന്റെ രാസക്രീഡ.

ലാമിനേറ്റ് ചെയ്ത ആ കാർ മേഘക്കീറ് ഇപ്പോഴും എന്റെ നെഞ്ചിൽ ഒട്ടിക്കിടപ്പുണ്ട്.

ഏകാന്തതയുടെ ഫ്ളാറ്റ് മുറിയിലേക്ക് മടങ്ങുന്നത് അപകടമാകും എന്ന തോന്നലാൽ ജ്ഞാനി എന്നെ നാട്ടിലേക്കു കൊണ്ടുപോന്നു. ആശുപത്രി വിടുമ്പോൾ നഴ്സ് ലീനയുടെ ചിരി പൊഴിക്കുന്ന മുഖം മനസ്സിൽ തെളിമയോടെ നിന്നു. അമ്മയും സഹോദരങ്ങളും അയലത്തെ കളിക്കൂട്ടുകാരും ഒക്കെച്ചേർന്നുള്ള ജീവിതം പഴയ എന്നെ തിരിച്ചുതന്നെങ്കിലും ലീനയെ കാണണമെന്ന ആഗ്രഹം മനസ്സിന്റെ മൂലയിൽ സ്പന്ദിച്ചുകൊണ്ടിരുന്നു. നിരന്തര ആവശ്യം അസഹനീയമായതുകൊണ്ടോ, എന്നെ സ ന്തോഷിപ്പിക്കാനോ എന്തിനുവേണ്ടിയായാലും ഭർത്താവ് അൽ അമീരി ആശുപത്രിയിലേ ക്കു പോയി. പക്ഷെ, അപ്പോഴേ ക്കും അവർ അവിടത്തെ ജോലി ഉപേക്ഷിച്ചു. മറ്റെവിടെയോ ചേർന്നിരുന്നു. പുതിയ സ്ഥലം ആരും പറഞ്ഞില്ല.

അമൂല്യമായി സൂക്ഷിച്ചിട്ടുള്ള തുണ്ടു കടലാസുകളിലെ കൈ പ്പട കണ്ടപ്പോൾ എനിക്ക് അതിശയമായി. കാറിനു പിന്നാലെ കുറെ ഓടിയെങ്കിലും അപ്പോഴേക്കും നിങ്ങൾ ദുരെയെത്തിക്കഴിഞ്ഞിരുന്നു. അവരെവിടെയുണ്ടെന്നെനിക്കറിയണം. വീണ്ടും കാണണം.

അപ്പോഴെന്റെ ഫോൺ ഗദ്ഗദകണ്ഠയായി വിറച്ചു. മറുവശ ത്ത് കുമാറിന്റെ ശബ്ദം.

എടാ ഞങ്ങൾ പൊതിയഴിച്ചു.

എന്താരുന്നെടാ സമ്മാനം.

കുറെ ചോക്കലേറ്റ്സ്. കൂട്ടത്തിൽ ഓർക്കിഡ്

7-ാം പേജിൽ

## എഡിറ്റോറിയൽ



# ഐക്യകേരളം

**കേ**രളം സൃഷ്ടിച്ചത് പരശുരാമനാണെന്നാണ് കേരളോല്പത്തിയും, കേരളമാഹാത്മ്യവും പറയുന്നത്. ഇതൊരു ഐതിഹ്യം മാത്രം. കേരളം എന്ന പേരിന്റെ ഉത്ഭവത്തെക്കുറിച്ച് ഭിന്നാഭിപ്രായമാണുള്ളത്. 'കേര' വൃക്ഷങ്ങളുടെ നാട് എന്നാണ് ഒരുപക്ഷം. പണ്ഡിതന്മാർ ഇതിനോട് വിയോജിക്കുന്നു. 'ചേര' ശബ്ദത്തിന്റെ കർണാടക ഉച്ചാരണമാണ് 'കേരളം' എന്നാണ് ഗുണ്ടർട്ടിന്റെ വിലയിരുത്തൽ. ഭരണാധികാരിയായിരുന്ന 'വീരകേരള'നിൽ നിന്നുമാണ് ഈ പേരുണ്ടായതെന്നാണ് മറ്റൊരഭിപ്രായം. ചേര ശബ്ദത്തിൽ നിന്നുമാണ് കേരളനാമം രൂപപ്പെട്ടത് എന്നാണ് പൊതുവെ അംഗീകരിക്കപ്പെടുന്നത്. ചേർന്ന അളം (സ്ഥലം) ആണ് ചേരളം. പിന്നീടത് സംസ്കൃതത്തിന്റെ പ്രേരണയാൽ കേരളമായി. കടൽ മാറി കരയോട് ചേർന്ന പ്രദേശം.

ആദിമസമൂഹം ഗോത്രങ്ങളായിരുന്നു. പ്രകൃതിശക്തികളേയും മലദൈവങ്ങളേയും ആരാധിച്ചിരുന്നവർ. ശവശരീരങ്ങൾ കുഴിച്ചിടുകയായിരുന്നു പതിവ്. തിരിച്ചറിയുന്നതിനായി ശിലകൾ നാട്ടിയിരുന്നു. തൊപ്പിക്കല്ലുകൾ, പുലച്ചിക്കല്ലുകൾ, നന്നങ്ങാടികൾ എന്നിവ മഹാശിലാസ്മാരകങ്ങളായി കണ്ടെത്തിട്ടുണ്ട്.

തിരുപ്പതി മുതൽ കന്യാകുമാരി വരെ നീണ്ടുകിടക്കുന്ന രണ്ടു സമുദ്രങ്ങളുടെ ഇടയിലുള്ള പ്രദേശമായ തമിഴകത്തെ അഞ്ചുഭാഗങ്ങളായി തിരിച്ചിരുന്നു. അതിൽ അഞ്ചാമത്തേതാണ് ചേരനാട്. ഇന്നത്തെ കേരള ഭൂഭാഗം. മൂന്നു രാഷ്ട്രശക്തികൾ ഇവിടെ രൂപപ്പെട്ടു. ആയ്, ചേര, ഏഴിമല രാജ്യങ്ങൾ. വിദേശരാജ്യങ്ങളുമായി ഇവർ വ്യാപാരത്തിലേർപ്പെട്ടിരുന്നു. റോമൻ ചരിത്രകാരനായ പ്ലിനി, ഗ്രീക്കു ചരിത്രകാരനായ പെരിപ്ലസ്, ടോളമി എന്നിവർ ഇതിനെക്കുറിച്ച് വസ്തുനിഷ്ഠമായി എഴുതിയിട്ടുണ്ട്. ആര്യമതത്തിന്റെ വളർച്ച ഈ കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്നു. ജൈനമതവും ബുദ്ധമതവും പ്രചരിച്ചു. രാജരാജശേഖരൻ(എ.ഡി.800) മുതൽ രാമവർമ്മ കുലശേഖരൻ (1122) വരെയുള്ള 10 രാജാക്കന്മാരാണ് രണ്ടാം ചേരസാമ്രാജ്യത്തിന്റെ ഭരണാധികാരികൾ. പെരുമാൾ കാലഘട്ടമെന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. ഇവരുടെ പതനത്തോടെ രാജ്യം പല സ്വതന്ത്ര നാടുകളായി. കോലത്തുനാട്, വേണാട് തുടങ്ങിയവ അങ്ങനെ രൂപപ്പെട്ടതാണ്. നാടിന് അരചന്മാരുണ്ടായി. അവർ സൈനിക ശക്തികളായി. ഭരണാധികാരികളായി. ആരാധനയ്ക്കായി പരദേവതാസ്ഥാനങ്ങൾ ഉണ്ടായി. ക്ഷേത്രങ്ങളായി അവ രൂപപ്പെട്ടു. പൂജാദികർമ്മങ്ങൾക്കായി വേദജ്ഞാനികളുണ്ടായി. അദ്ധ്വാനത്തേക്കാൾ അറിവിനായി പ്രധാന്യം. അവർ സമൂഹത്തിലെ ഉയർന്ന സ്ഥാനികളായി. ചാതുർവർണ്യത്തിന് പ്രസക്തി വർദ്ധിച്ചു. കൃഷിയായിരുന്നു പ്രധാന വിളവ്. നിലമുള്ളവൻ ജന്മിയും പണിയെടുക്കുന്നവൻ അടിമയുമായി.

വാണിജ്യത്തെ ലക്ഷ്യമാക്കി പോർച്ചുഗീസുകാർ ആദ്യമായി ഇവിടെയെത്തി. അധികാരത്തിലേക്കുള്ള അവസരങ്ങളുണ്ടായി. വെടിയുണ്ടയും സൈന്യവും അവരെ ശക്തരാക്കി. ഡച്ചുകാരും ഫ്രഞ്ചുകാരും അവർക്കു പിന്നാലെ വന്നു. ഒടുവിലെത്തിയത് ബ്രിട്ടീഷുകാരായിരുന്നു. നാട്ടുരാജ്യങ്ങൾ ഒന്നൊന്നായി പിടിച്ചെടുത്തു. മലബാറും അധീനതയിലായി. കൊച്ചിയും തിരുവിതാംകൂറും വിധേയത്വരാജ്യങ്ങളായി. അവർക്കെതിരെയുള്ള പോരാട്ടങ്ങളായിരുന്നു അഞ്ചുതെങ്ങ് കലാപവും (1697), ആറ്റിങ്ങൽ കലാപവും (1721), പഴശ്ശി സമരങ്ങളും (1793-1805). 1809ലെ വേലുത്തമ്പിയുടെ കുണ്ടറ വിളംബരം പുതിയൊരാവേശമായി.

അനൈക്യത്തിലും അനാചാരത്തിലും കഴിഞ്ഞിരുന്ന ജാതീയ സമൂഹങ്ങളിൽ നിന്നു തന്നെ അതിനെതിരായ പ്രചോദനങ്ങൾ ഉണ്ടായി. അയ്യാ വൈകുണ്ഠസ്വാമി, ചട്ടമ്പിസ്വാമി, ശ്രീനാരായണഗുരുദേവൻ, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ, വാഗ്ഭടാനന്ദൻ, ബ്രഹ്മാനന്ദ ശിവയോഗി, പണ്ഡിറ്റ് കറുപ്പൻ, വി.ടി.ഭട്ടതിരിപ്പാട്, ടി.കെ.മാധവൻ, മന്നത്ത് പദ്മനാഭൻ, ആനന്ദതീർത്ഥൻ, ചാവറ കുര്യാക്കോസ് അച്ചൻ തുടങ്ങിയവർ നവോത്ഥാന കേരളത്തിന്റെ മാർഗ്ഗദീപങ്ങളായി. നിരവധി പൗരാവകാശ മുന്നേറ്റങ്ങൾ തുടർച്ചയെന്നോണം തുടങ്ങി. വൈക്കം സത്യാഗ്രഹം(1924-25), ഗുരുവായൂർ സത്യാഗ്രഹം(1931-32), നിവർത്തന പ്രക്ഷോഭം(1932) തുടങ്ങിയവ അവയിൽ പ്രാധാന്യം അർഹിക്കുന്നു. മുസ്ലീം സമുദായത്തിലും ക്രിസ് ത്യൻ സമുദായത്തിലും മാറ്റങ്ങൾ പ്രകടമായി. സ്ത്രീമുന്നേറ്റങ്ങളും സജീവമായി. മലയാളി മെമ്മോറിയലും ഈഴവമെമ്മോറിയലും മെച്ചപ്പെട്ട അവസരങ്ങൾക്കുവേണ്ടിയുള്ളതായിരുന്നു. മൂന്നായി മുറിഞ്ഞു കിടന്ന കേരളഭൂവിഭാഗങ്ങളിൽ ദേശീയചിന്ത വളരുകയും ഐക്യകേരളം എന്ന ചിന്ത ബലപ്പെടുകയും ചെയ്തു. കോൺഗ്രസ് പ്രസ്ഥാനവും കമ്യൂണിസ്റ്റ് പ്രസ്ഥാനവും കേരളസമൂഹത്തെ ആഴത്തിൽ സ്വാധീനിച്ചു. ഇന്ത്യ സ്വതന്ത്രമായതോടെ കേരളത്തിലെ രാജഭരണങ്ങൾക്ക് വിരാമമായി. ജനാധിപത്യപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ ജനകീയ ഭരണക്രമത്തിലേക്കുള്ള വഴിതുറന്നു. മൂന്നായി മുറിഞ്ഞു കിടന്ന ഭൂപ്രദേശം ഭാഷാടിസ്ഥാനത്തിൽ ഒന്നായി.

പ്രശസ്തങ്ങളായ കേരളീയ കവിതകളും കേരളത്തിന്റെ സാംസ്കാരിക രാഷ്ട്രീയവും പ്രത്യേകതകളും ഉൾക്കൊള്ളുന്ന റഫറൻസിന് സഹായകമായ കുറച്ചു വിവരം തുടർന്നുള്ള പേജുകളിൽ നൽകിയിരിക്കുന്നു.

## കേരളപ്പിറവിദിന പതിപ്പ്



### ജില്ലകളും നിലവിൽ വന്ന തീയതികളും

തിരുവനന്തപുരം- 1949 ജൂലൈ 1
കൊല്ലം- 1949 ജൂലൈ 1
പത്തനംതിട്ട- 1982 നവംബർ 1
ആലപ്പുഴ- 1957 ആഗസ്റ്റ് 17
കോട്ടയം- 1949 ജൂലൈ 1
ഇടുക്കി- 1972 ജനുവരി 26
എറണാകുളം- 1958 ഏപ്രിൽ 1
തൃശൂർ- 1949 ജൂലൈ 1
പാലക്കാട്- 1957 ജനുവരി 1
മലപ്പുറം- 1969 ജൂൺ 16
കോഴിക്കോട്- 1957 ജനു 1
വയനാട്- 1980 നവം 1
കണ്ണൂർ- 1957 ജനു 1
കാസർകോട് - 1984 മെയ്

### വിവധതരം മണ്ണുകൾ

**7 തരത്തിലുള്ള മണ്ണ്.**

1. തേരിമണ്ണ്.
2. ലാറ്ററൈറ്റ്മണ്ണ്
3. എക്കൽ മണ്ണ്
4. ചെളിമണ്ണ്
5. ഉപ്പുമണ്ണ്
6. പരുത്തിക്കരിമണ്ണ്
7. കാട്ടുമണ്ണ്.

**ഭൂമിശാസ്ത്രപരമായി കേരളത്തെ മൂന്നായി തിരിക്കാം**

1. മലനാട് 2. ഇടനാട്
3. തീരപ്രദേശം.

**4 തരത്തിലുള്ള കാലാവസ്ഥ യാണ് കേരളത്തിലുള്ളത്**

1. ശൈത്യകാലം (ജനു-ഫെബ്രുവരി).
2. ഉഷ്ണകാലം (മാർച്ച് ഏപ്രിൽ മെയ്).
3. തെക്കുപടിഞ്ഞാറൻ മൺസൂൺ. കാലവർഷം എന്നറിയപ്പെടുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെ.
4. വടക്കുകിഴക്കൻ മൺസൂൺ. തുലാവർഷം എന്നറിയപ്പെടുന്നു. ഒക്ടോബർ മുതൽ ഡിസംബർ വരെ.

### ആദ്ധ്യാത്മിക നവോത്ഥാനനായകർ

- ചാവറ കുര്യാക്കോസ് ഏലിയാസ് (1805-1871)
- തൈക്കാട് അയ്യാ (1813-1909)
- അയ്യാ വൈകുണ്ഠസ്വാമികൾ (1809-1851)
- പരുമല തിരുമേനി (1848-1902)
- ബ്രഹ്മാനന്ദ ശിവയോഗി (1852-1929)
- മാമ്പുറം തങ്ങൾ (1752-1845)
- ചട്ടമ്പി സ്വാമികൾ (1853-1924)
- ശ്രീനാരായണഗുരുസ്വാമികൾ (1855-1928)
- അയ്യൻകാളി (1863-1941)
- പൊയ്കയിൽ കുമാരഗുരു (1879 -1939)
- ശ്രീശുഭാനന്ദഗുരുദേവൻ (1882-1950)
- വാഗ്ഭടാനന്ദ ഗുരു (1884-1939)
- ആഗമാനന്ദ സ്വാമികൾ (1896-1961)
- സ്വാമി ആനന്ദതീർത്ഥൻ (1905-1987)
- ശ്രീകരുണാകരഗുരു (1928-1989)

### നവോത്ഥാനനായകർ

- ആറാട്ടുപുഴ വേലായുധപ്പണിക്കർ (1825-1874)
- അയ്യത്താൻ ഗോപാലൻ (1861-1948)
- ഡോ.പല്പു (1863-1950)
- ബാരിസ്റ്റർ എ.കെ.പിള്ള (1864-1903)
- സി.കൃഷ്ണൻ (1867-1938)
- സി.വി.കുഞ്ഞിരാമൻ (1871-1949)
- കുമാരനാശാൻ (1873-1924)
- വക്കം മൗലവി (1873-1923)
- മന്നത്ത് പദ്മനാഭൻ (1878-1970)
- പണ്ഡിറ്റ് കെ.പി.കറുപ്പൻ (1885-1938)
- ടി.കെ.മാധവൻ (1885-1930)
- കെ.പി.കേശവമേനോൻ (1886-1978)
- പാമ്പാടി ജോൺ ജോസഫ് (1887-1940)
- കെ.കേളപ്പൻ (1889-1971)
- സഹോദരൻ അയ്യപ്പൻ (1889- 1968)
- ടി.ആർ.കൃഷ്ണ സ്വാമി അയ്യർ (1890-1935)
- വേലുക്കുട്ടി അരയൻ (1894-1969)
- വി.ടി.ഭട്ടതിരിപ്പാട് (1896-1982)
- കുരൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് (1896-1969)
- കുമ്പളത്ത് ശങ്കുപ്പിള്ള (1898-1969)
- എ.കെ.ഗോപാലൻ (1904-1977)



**ചങ്ങമ്പുഴ**

## കേരളഗീതം

1

ജയ ജയ കേരളമാതേ, ജയ ജയ ജലധിസുതേ,
ജയ ജയ ജനചയപൂജിതപാദേ, ജയ ജയ ശുഭചരിതേ!
ജയ ജയ ഭൃഗുസുതസുകൃതപിടാകേ, വസുധാമലതിലകേ!
ജയ ജയ ധാർമ്മികവിജയ പതാകേ, ജയ ജയ മഹിതാന്വയികേ!
കേരവിരാജിതകേദാരകയുതകേളീവനലളിതേ
വീരവധൂശതപാദപയോജപരാഗകലാകലിതേ!
തുംഗവിഭാവിതശൈലവിലാസിനിരഞ്ജിത ശൈവലിനീ
മംഗളദായിനി, മലയജമേദിനി, ജയ ജയ ജയ ജനനി

2

ക്രൈസ്തവഹൈന്ദവയൂദമുഹമ്മദമതഭേദം ചൊല്ലി
കുത്തുപിടിച്ചിടുകില്ല തൊഴുത്തിൽ കാലികൾപോൽ ഞങ്ങൾ
ആ മതമദ്യമവദ്യമവതിനിമേൽ തൊടുകയില്ലൊരുനാളും
തൂമയിൽ മമതാമതമാമമൃതം നുകരുവാനിനി ഞങ്ങൾ
മാമൂലുകളുടെ മാറാലകളെ വലിച്ചുപറിച്ചെറിയാൻ
മാനവവംശമഹാവൃക്ഷത്തിനു വളരാൻ വളമിടുവാൻ
നിത്യപുരോഗതി തടവതു സർവ്വമടിച്ചുപൊടിച്ചീടാൻ
നിസ്തുല ശക്തിയുയർത്തും ഞങ്ങടെ കയ്യുകളാർ തടയും




## കേരളഗാനം

**ബോധേശ്വരൻ**



ജയജയ കോമള കേരള ധരണീ
ജയജയ മാമക പൂജിത ജനനീ
ജയജയ പാവന ഭാരത ഹരിണീ
ജയജയ ധർമ്മ സമന്വയ രമണീ
ജയജയ ജയജയ ജയജയ ജനനീ
ജനനീ മാമക കേരള ധരണീ

ചേര പുരാതന പാവനചരിതേ,
ആര്യ കുലോൽക്കട ഭാർഗ്ഗവനിരതേ,
ദ്രാവിഡ പരിവൃഢ വനിതേ! മഹിതേ,
ദ്രാവിഡ സംസ്കൃത വംശോജ്ജ്വലിതേ!
ഭാരത രണഭൂവി വീര ജനനാം
ഭോജന ദാന സമുൽസുക ചരിതേ!
ജയജയ കോമള കേരള ധരണീ
ജയജയ മാമക പൂജിത ജനനീ!

പ്രേമദമാകും പ്രമദവനം താൻ
ശ്യാമള സുന്ദരമെന്നുടെ രാജ്യം!
മലജയ സുരഭില മാരുതനേൽക്കും
മലയാളം ഹാ! മാമകരാജ്യം!
കല്പകതരു നികരങ്ങൾ നിരക്കും
കല്പിത ഭൂവാണെന്നുടെ രാജ്യം!
മരതക മണികളനർഘമണിഞ്ഞും
പവിഴത്തരികളിടയ്ക്കു തെളിഞ്ഞും
മരിച മനോഹര ലതികാശ്ലേഷിത
തരുനിരതിങ്ങും മാമകരാജ്യം
പല്ലവനിചയം മെല്ലെ വിടർത്തും
വല്ലികൾ തുല്യം കുല്യാനിവഹം
കളകളമോതിയിണങ്ങി വരുന്നൊരു
സലില സമൃദ്ധം മാമക രാജ്യം;
ജയജയ കോമള കേരളധരണീ?
ജയജയ മാമക പൂജിത ജനനി

(കൊല്ലവർഷം 1113ൽ രചിച്ചത്)

## മുഖ്യമന്ത്രിമാർ



1. ഇ.എം.എസ്. നമ്പൂതിരിപ്പാട് (1957–1959)
2. പട്ടം എ.താണുപിള്ള (1960–1962)
3. ആർ. ശങ്കർ (1962–1964)
4. ഇ.എം.എസ്. നമ്പൂതിരിപ്പാട് (1967–1969)
5. സി.അച്യുതമേനോൻ (1969–1970)
6. സി.അച്യുതമേനോൻ (1970–1977)
7. കെ.കരുണാകരൻ (1977)

8 ഏ.കെ.ആന്റണി (1977–1978)

9. പി.കെ.വാസുദേവൻനായർ (1978–1979)
10. സി.എച്ച്.മുഹമ്മദ്കോയ (1979)

11 ഇ.കെ.നായനാർ (1980–1981)

12 കെ.കരുണാകരൻ (1981–82)

13 കെ.കരുണാകരൻ (1982–1987)

14 ഇ.കെ.നായനാർ (1987–1991)

15 കെ.കരുണാകരൻ (1991–1995)

16 ഏ.കെ.ആന്റണി (1995–1996)

17 ഇ.കെ.നായനാർ (1996–2001)

18 ഏ.കെ.ആന്റണി (2001–2004)



19 ഉമ്മൻ ചാണ്ടി (2004–2006)

20. വി.എസ്.അച്യുതാനന്ദൻ (2006– 2011)
21. ഉമ്മൻ ചാണ്ടി (2011–2016)
22. പിണറായി വിജയൻ (2016– )

## ഗവർണ്ണർമാർ



1. ഡോ.ബി.രാമകൃഷ്ണറാവു (1956–1960)
2. വി.വി.ഗിരി (1960–1965)
3. അജിത് പ്രസാദ് ജയിൻ (1965–1966)
4. ഭഗവൻ സാഹേ (1966–1967)
5. വി.വിശ്വനാഥൻ (1967–1973)
6. എൻ.എൻ.വാഞ്ചു (1973–1977)
7. ജ്യോതി വെങ്കിടാചലം (1977–1982)
8. പി.രാമചന്ദ്രൻ (1982–1988)
9. രാം ദുലാരി സിൻഹ (1988– 1990)
10. ഡോ.സ്വരൂപ് സിംഗ് (1990)
11. ബി.രാച്ചയ്യ (1991–1995)
12. പി.ശിവശങ്കർ (1995–1996)
13. ഖുർഷിദ് അലിം ഖാൻ (1996–1997)
14. സുഖ് ദേവ് സിംഗ് കാങ് (1997–2002)
15. സിക്കദർ ഫട്ട് (2002–2004)
16. ആർ.എൽ.ഭാട്ടിയ (2004–2008)
17. ആർ.എസ്.ഗവായ് (2008–2013 )
18. ജസ്റ്റീസ് പി.സദാശിവം (2014)



## സ്പീക്കർമാർ



1. ആർ.ശങ്കരനാരായണൻ തമ്പി (1957–1959)
2. കെ.എം.സീതി ഹാജി (1960–1961)
3. സി.എച്ച്.മുഹമ്മദ് കോയ (1961)
4. അലക്സാണ്ടർ പറമ്പിത്തറ (1961–1964)
5. ദാമോദരൻ പോറ്റി (1967–1970)
6. കെ.മൊയ്ദീൻ ഹാജി (1970–1975)
7. ടി.എസ്.ജോൺ (1976–1977)
8. ചാക്കീരി അഹമ്മദ് കുട്ടി കെ. (1977–1980)
9. എ.പി.കുര്യൻ (1980–1982)
10. എ.സി.ജോസ് (1982)
11. വക്കം ബി. പുരുഷോത്തമൻ (1982–84; 2001–2004)
12. വി.എം.സുധീരൻ (1985–1987)
13. വർക്കല രാധാകൃഷ്ണൻ (1987–1991)
14. പി.പി.തങ്കച്ചൻ (1991–1995)
15. എം.വിജയകുമാർ (1996–2001)
16. തേറമ്പിൽ രാമകൃഷ്ണൻ (1995–1996; 2004–2006)
17. കെ.രാധാകൃഷ്ണൻ (2006–2011)
18. ജി.കാർത്തികേയൻ (2011–2015)
19. എൻ.ശക്തൻ (2015–2016)
20. പി.ശ്രീരാമകൃഷ്ണൻ (2016–)



# കേരളം വളരുന്നു

**മഹാകവി പാലാ നാരായണൻ നായർ**



**കേ**രളം വളരുന്നൂ
പശ്ചിമഘട്ടങ്ങളെ
കേറിയും കടന്നും ചെ-
ന്നന്യമാം രാജ്യങ്ങളിൽ.
പ്രാചിയിൽ പ്രതാപിയാം
പർവ്വതം, പ്രതീചിയിൽ
വീചികാവിലോളിത
സാഗരം മനോഹരം.
ചാരവേ ചിരിതൂകും
സൈകതം തിരുമാറിൽ
കേരളാംബിക ചാർത്തും
ശ്രീകരം സരോവരം.
കന്യകാമണികളെ-
പ്പോലവെ പാട്ടും പാടി
കന്നിയാറുകൾ പുഞ്ച-
പ്പാടങ്ങൾ കടക്കുമ്പോൾ
കടലിൻ വിശാലമാ-
മാശയം കാണ്മാൻ, വക്കിൽ
കുടയും നിവർത്തുനി-
ന്നാടുന്നു തൈത്തെങ്ങുകൾ.
പതറും കരളുമായ്
തെല്ലിട നിന്നേ പോകൂ
പതിവായ് പടിഞ്ഞാറു
ചായുന്ന ചന്ദ്രാർക്കന്മാർ.
കാവിണങ്ങിടുമോരോ
കേരളഗ്രാമം തോറും
ശ്രാവണക്കണിപ്പൂക്കൾ
കണ്ണുകൾ മിഴിക്കുമ്പോൾ
നീരദപടം നീക്കി
നീലവാനിലേയ്ക്കെത്തും
ശാരദോജ്വലതാരാ-
കല്പകപ്പൂങ്കാവനം.
മകരത്തണുപ്പിനെ-
പ്പൊന്നുടുപ്പണിയിച്ചേ
മിഹിരൻ വടക്കോട്ടു
പോകുമാറുള്ളു തേരിൽ.
കൊന്നകളലുക്കുകൾ
തൂക്കിയാൽ മഴവില്ലിൻ-
മന്ദഹാസവും ചൂടി-
സ്സന്ധ്യകൾ നൃത്തം വെയ്ക്കും!




**ഉള്ളൂർ എസ് പരമേശ്വരയ്യർ**

# മലയാളരാജ്യം



ശ്രീക്കേറ്റലാസ്യപദമായ് ഭുവി സഹ്യമാകു-
മാക്കേളിപൂണ്ട മലയുണ്ടു വിളങ്ങിടുന്നു.
ഇക്കേരളാഖ്യവിഷയത്തിനു നേർകിഴക്കാ-
യൂക്കേറിടും പ്രകൃതികെട്ടിയ കോട്ടപോലെ.

വന്ധ്യം ശമിക്കരിശമെന്നറിവാർന്നൊടുക്കം
വിന്ധ്യപ്രഭേദിമുനി സഹ്യമിതിൽത്തപിപ്പാൻ
സന്ധ്യർത്ഥികുന്നുകളൊടെന്ന വിധം കടന്നു
സന്ധ്യയ്ക്കു ചണ്ഡകിരണൻ ചരമാദ്രിയിൽപ്പോൽ.

പാലഞ്ചുമാറിഹകിരാതികൾ പാട്ടുപാടി
നീലത്തഴക്കുഴലഴിച്ചു പകുത്തിടുമ്പോൾ
ചാലത്തണഞ്ഞു പകവിട്ടുഫണാകലാപ-
ജാലം വിരിച്ചുരഗകേകികളാടിടുന്നു.

തുംഗദ്രുരോമ,മരുവിക്കരയഷ്ടി, പാദം
ശൃംഗപ്പെരുന്തല, ഗുഹാസ്യമിതൊക്കെയേറ്റം
അംഗത്തിലാളുമിവനാദി വിരാൾ പുമാൻ പോൽ
ഭംഗം വെടിഞ്ഞു മുനിസേവിതനായിടുന്നു.

ഭൂഷയ്ക്കു വൃക്ഷതൃണപങ്ക്തി കലർന്നു ചാരു-
വേഷത്തിൽ മിന്നുമൊരിതിൻ പുകൾതീർത്തുരപ്പാൻ
ശേഷന്നുമുണ്ടുപണി; നല്ല ഗിരീശനായാൽ
ഭാഷയ്ക്കവന്നു കുറവിന്നവകാശമുണ്ടോ?

ഉണ്ടാഗ്ഗിരിക്കരികിൽ മേക്കുവശത്തൊളിപ്പൂ-
ച്ചെണ്ടായ്ശ്ശിവാദ്രിയുടെ തെക്കളകാപുരംപോൽ
തണ്ടാരിൽ മാതിനുടെ കൂത്തുവെളിക്കുനിന്നു
കൊണ്ടാടുമാഴിയതിരാം മലയാളരാജ്യം.

ഉള്ളൂർ (1877–1949)

(1914ൽ പ്രസിദ്ധീകരിച്ച ഉമാകേരളം മഹാകാവ്യം. ഉമയമ്മറാണിയുടെ കാലത്തെ വഞ്ചിരാജ്യ ചരിത്രമാണ് ഉമാകേരളം.അതിലെ കേരളവർണ്ണന.)

# കേരളം ഇതാദ്യം

**ആദ്യ നിയമനിർമ്മാണസഭ**

കേരളത്തിലെ ആദ്യ നിയമനിർമ്മാണ സഭ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് അസംബ്ലിയാണ്. 1888 മാർച്ച് 30ന് ശ്രീമൂലം തിരുനാൾ രാമവർമ്മ പുറപ്പെടുവിച്ച വിളംബരത്തിലൂടെയാണ് ഇത് രൂപീകരിച്ചത്. ആഗസ്റ്റ് 23നായിരുന്നു ആദ്യസമ്മേളനം.

**ആദ്യകമ്യൂണിസ്റ്റ് മന്ത്രിസഭ**

ഇ.എം.എസിന്റെ നേതൃത്വത്തിൽ കേരളത്തിൽ ഏഷ്യയിലാദ്യമായി 1957ൽ ഒരു കമ്യൂണിസ്റ്റ് മന്ത്രിസഭ നിലവിൽ വന്നു. 62 സീറ്റുനേടി വലിയ ഒറ്റകക്ഷിയായി. 5 കമ്യൂണിസ്റ്റ് സ്വതന്ത്രരുടെ പിൻബലത്തോടെ ഭൂരിപക്ഷം നേടി. 28 മാസത്തെ ഭരണം.

**ആദ്യ തൂക്കുപാലം**

കേരളത്തിലെ ആദ്യത്തേതും ഇന്ത്യയിലെ രണ്ടാമത്തേതുമായ പുനലൂർ തൂക്കുപാലം നിർമ്മിച്ചത് 1877ലാണ്. സ്കോട്ലൻഡുകാരനായ ആൽബർട്ട് ഹെൻറിയാണ് പാലം ഡിസൈൻ ചെയ്തത്. ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് ആഗസ്റ്റ് 1ന് ആയില്യം തിരുനാൾ മഹാരാജാവാണ്. 1977ൽ ഇതിനു സമാന്തരമായി പുതിയ പാലം വന്നതോടെ തൂക്കുപാലം പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിലായി.

**ആദ്യവിമാനം ചാക്കയിൽ**

കേരളത്തിൽ ആദ്യം വിമാനമിറങ്ങിയത് ഇപ്പോഴത്തെ ഫ്ളൈയിങ് ക്ലബ് സ്ഥിതി ചെയ്യുന്ന ചാക്കയിലായിരുന്നു. 1935 ഒക്ടോബർ 29ന് വൈകിട്ട് 4.30ന് ബോംബെയിൽ നിന്നെത്തിയ ഡി.എച്ച്.83 ഫോക്സ് മോത്ത് വിമാനം. ശ്രീചിത്തിര തിരുനാൾ മഹാരാജാവാണ് ഇതിനു തുടക്കം കുറിച്ചത്. പിന്നീട് ആദ്യവിമാനത്താവളത്തിന് ഇതു അവസരമൊരുക്കി.

**ആദ്യ ബസ് സർവ്വീസ്**

1937ൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വകുപ്പ് ആരംഭിച്ചു. ആദ്യ ബസ് 1938ൽ മോട്ടോർ സർവ്വീസ് ശ്രീ. ചിത്തിര തിരുനാൾ ഉദ്ഘാടനം ചെയ്തു. 1965ൽ കെ.എസ്.ആർ.ടി.സി. നിലവിൽ വന്നു.

**ആദ്യ ജലവൈദ്യുത പദ്ധതി**

1906ൽ മൂന്നാറിൽ കണ്ണൻദേവൻ കമ്പനി ആരംഭിച്ച ജലവൈദ്യുത പദ്ധതിയാണ് പള്ളിവാസൽ. 1933ൽ സർ.സി.പി മൂന്നാർ സന്ദർശിച്ചപ്പോഴാണ് കുറഞ്ഞ ചെലവിൽ വൈദ്യുതി ഉണ്ടാക്കാമെന്നു മനസ്സിലാക്കിയത്. കേരള സർക്കാർ സ്ഥാപി ച്ച ആദ്യജലവൈദ്യുതി പദ്ധതിയും പള്ളിവാസലിലാണ്. 1940ൽ.

**ആദ്യ അഞ്ചലാഫീസ്**

തിരുവിതാംകൂറിൽ ആദ്യ അഞ്ചൽ ആഫീസ് ആരംഭിക്കുന്നത് 1790ലാണ്. സർക്കാരിനുള്ള കത്തുകൾ, കൊട്ടാരത്തിലേക്കുള്ള സാധനസാമഗ്രികൾ, ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ പൂജയ്ക്കുള്ള പൂവുകൾ തുടങ്ങിയവയായിരുന്നു ആദ്യം കൈകാര്യം ചെയ്തിരുന്നത്. 1849ഓടെ ജനങ്ങളുടെ ഹർജികളും സ്വീകരിച്ചു തുടങ്ങി.

**ആദ്യ തീവണ്ടി**

ആദ്യറെയിൽവേ ബേപ്പൂർ- തിരൂരിൽ (30.6 കി.മീറ്റർ) 1861 മാർച്ച് 21ന് ആദ്യ തീവണ്ടി ഓടി. തിരുവിതാംകൂറിൽ ആദ്യ തീവണ്ടിപ്പാത 1904 നവംബർ 26ന് ചെങ്കോട്ട- പുനലൂർ മീറ്റർ ഗേജ് ലൈൻ പൂർത്തിയായി. 1931 നവംബർ 4ന് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു.

**ആദ്യമലയാള പത്രം**

ആദ്യമലയാളപത്രം ഗുണ്ടർട്ടിന്റെ രാജ്യസമാചാരം. 1847 ജൂണിലാണ് പ്രസിദ്ധീകരിച്ചത്. കല്ലച്ചിലാണ് പത്രം അടിച്ചിരുന്നത്. കേരളത്തിലെ ആദ്യ ഇംഗ്ലീഷ് പത്രം 1860ൽ കൊച്ചിയിൽ നിന്നും സി.ജെ.കുര്യനും എച്ച്.വി. പോക്കറും ചേർന്നു പ്രസിദ്ധീകരിച്ച വെസ്റ്റേൺ സ്റ്റാറാണ്. ആദ്യത്തെ മതനിരപേക്ഷ പത്രം 1864ൽ പ്രസിദ്ധീകരിച്ച പശ്ചിമതാരകയാണ്.

**ആകാശവാണി**

1950 ഏപ്രിൽ ഒന്നിന് തിരുവനന്തപുരം നിലയം ആകാശവാണി ഏറ്റെടുത്തു. ആദ്യ ഡയറക്ടർ ജി.പി.എസ്.നായർ. 1952ൽ നിലയം ദിവാന്റെ ഔദ്യോഗിക വസതിയായ ഭക്തിവിലാസത്തിൽ പ്രവർത്തനം ആരംഭിച്ചു.

കോഴിക്കോട് നിലയം 1950 മെയ് 14ന് പ്രവർത്തനം ആരംഭിച്ചു.
തൃശൂർ നിലയം 1956 നവംബർ 4ന്
കൊച്ചി നിലയം 1989 ഒക്ടോബർ 1ന്
കണ്ണൂർ നിലയം 1991 മെയ് 14ന്
ദേവികുളം നിലയം 1994 ഫെബ്രുവരി 23ന്
മഞ്ചേരി നിലയം 2006 ജനുവരി 23ന്

**ആദ്യ ഡാം**

ഇന്ത്യയിലെ ആദ്യത്തെ കോൺക്രീറ്റ് അണക്കെട്ട് ഇടുക്കിയിലാണ്. ഊരാളി ഗോത്രതലവനായ കൊലുമ്പന്റെ സഹായത്താൽ നായാട്ടിനുപോയ മലങ്കര എസ്റ്റേറ്റ് സൂപ്രണ്ട് ഡബ്ള്യു.ജെ.ജോണാണ് അണക്കെട്ടിന്റെ സാധ്യത മനസ്സിലാക്കിയത്. കാനഡ സർക്കാരിന്റെ സഹായത്തോടെ 1974ൽ അണക്കെട്ടിന്റെ പണി പൂർത്തിയായി.

## വീരകേരളം

**പി.കുഞ്ഞിരാമൻനായർ**



ഉയരെയാണു ദേവി നിൻ കനകദിവ്യവിഗ്രഹം
കാതിനമൃതമമ്പിലിദേവിനിൻ ചിലമ്പൊലി.

അമ്പിലെന്നു കൈവരുംഅമ്പുറന്ന ദർശനം?
കോട്ടമറ്റ പൈങ്കിളിപ്പാട്ടൊടൊത്തു പാവനം.

പൊങ്ങി പശ്ചിമാബ്ധിതൻപഞ്ചവാദ്യനിസ്സനം-
"നട തുറന്നു ദർശനം കൈവരേണമെങ്കിലോ,

മുഴുക, മാതൃഭക്തിയിൽ വിമലമാം തപസ്യയിൽ
ത്യാഗമാം തപസ്യയിൽ പൂവിടുന്നൂ സിദ്ധികൾ.

എന്നു ദേവി ദർശനം തന്നനുഗ്രഹിക്കുമോ,
അന്നു കാട്ടു ചോലകൾ മധുരഗാനധാരകൾ

വികലപല്ലവങ്ങളോ വിവിധനാട്യമുദ്രകൾ!
വിമലപുഷ്പകാനനം നവവിപഞ്ചികാസ്വനം.

എന്നു മാഞ്ഞുപോകുമിസ്സാർത്ഥനീചകർദ്ദമം,
അന്നു ദിവ്യമരതക കല്ലുപോൽ വിളങ്ങിടും,

നവസമൃദ്ധകേരളം നവവിബുദ്ധകേരളം
വികചവീരകേരളം വിതതവിശ്വകേരളം."

പി.കുഞ്ഞിരാമൻനായർ (1906-1978)

## ജയകേരളത്തിന് ആശംസ

**വയലാർ രാമവർമ്മ**



കേരളമുല്ലമലർക്കാവിൽ, ജയ
കേരളമെത്തിയ വാസരമേ,
പുതിയ യുഗത്തിൻ പൂവിളിതോറും
പുലരുക നിൻ നവസന്ദേശം!
നിൻ നൃത്തങ്ങളിൽ, നിൻ ഗാനങ്ങളിൽ
നിൻ മധുരോജ്ജ്വലഭാവനയിൽ
പുലരുകയാണതു കാണ്മൂ ഞങ്ങൾ
മലയാളത്തിൻ സ്വപ്നങ്ങൾ!
കതിരുകൾ ചൂടി കവിതകൾ പാടി
പുതുവർഷപ്പൂംപുലരികളിൽ
കേരളനെൽവയലേലകളിൽ, ജയ
കേരളമേ നീ വന്നാലും!
എന്നാശംസകൾ നൽകുന്നൂ ഞാൻ
മുന്നോട്ടാവുക കാലടികൾ

വയലാർ (1928-1975)

For Advertisement Tel: 267-991-2111
CONTACT US

## കഥ മേധാ ജ്ഞാനേശ്വർ



കൊണ്ട് അ ലങ്കരിച്ച ഒരു ഫോട്ടോ. പിന്നെയൊരു കത്തും.

കത്തോ?

അതെ, നീ ഫോൺ ആ മേധേ ടെ കയ്യിലോട്ടു കൊടുത്തേ.

ലൗഡ് സ്പീക്കർ പ്രവർത്തിപ്പിച്ചുകൊണ്ട് മേധ ശ്രവിച്ചു. മറു തലയ്ക്കൽ കുമാർ കത്തു വായിക്കാൻ ആരംഭിച്ചു.

പ്രിയപ്പെട്ട കൂട്ടുകാരി, എന്റെ നഴ്സിങ് ജീവിതത്തിൽ മറക്കാനാവാത്ത ഒരാളാണ് ഈ ചിത്രത്തിലുള്ളത്. ഞാൻ ശുശ്രൂഷിച്ചവരിൽ മനസിൽ തങ്ങിനിൽക്കുന്ന ഒരാൾ. എന്റെ പരിചരണത്താലാണ് അവർ ജീവിതത്തിലേക്കു തിരികെ വന്നതെ ന്നു കാട്ടി ആശുപത്രി തന്ന ഫ ലകമോ അവർ രോഗമുക്തി നേ ടിയ ഉടൻ ലഭിച്ച സ്ഥാനക്കയറ്റമോ അല്ല, അവരെ എന്റെ മനസ്സിൽ ഉറപ്പിച്ചു നിർത്തുന്ന മറ്റെന്തോ ഘടകം ഉണ്ട്. അത് എന്താണെന്ന് ഇപ്പോഴും മനസിലായിട്ടില്ല. എന്നിരുന്നാലും അവരെയൊന്നു കാണാൻ മന സ് വല്ലാതെ കൊതിക്കുന്നു. കൊട്ടാരക്കരയിൽ എവിടെയോ ആണ് താമസം. ഒന്നു കണ്ടുപിടിച്ചു തരുമോ?: ലീന.

കത്തു വായിച്ചു നിർത്തിയിട്ട് കുമാർ ചോദിച്ചു. ആ ഫോട്ടോ ആരുടേതാണെന്ന് മേധയ്ക്ക് ഊഹിക്കാമോ?

അതിനുത്തരം പറയാനാവാ തെ മേധയുടെ ചുണ്ടുകൾ വിറകൊണ്ടു. അവരുടെ കണ്ണുകൾ തിളങ്ങുന്നതും മുഖം വിളറുന്നതും ഞാൻ കണ്ടു. തുടിച്ചുയരുന്ന മാറിടം താഴ്ത്താനോ വേഗമേറി മിടിക്കുന്ന ഹൃദയ ത്തെ അമർത്താനോ, എന്തിനു വേണ്ടിയായാലും വലതു കൈ പ്പടം അപ്പോൾ നെഞ്ചിനു മേലേ വിടർത്തി വിരിച്ചു വച്ചിട്ടുണ്ടായിരുന്നു. പതുക്കെ പതു ക്കെ ഒന്ന്, രണ്ട്, മൂന്ന്, നാല് എന്ന് എണ്ണാൻ പാകത്തിൽ അ വരുടെ കണ്ണിൽ നിന്ന് ഒന്നൊന്നായി കണ്ണുനീർ തുള്ളികൾ അടർന്ന് വീഴാൻ തുടങ്ങി. സ്നേഹത്തിന്റെ കാർമുകിൽ ചുരത്തിയ മഴമുത്തുകൾ.

### ആദ്യ റോക്കറ്റ് വിക്ഷേപണകേന്ദ്രം

ഇന്ത്യയിൽ ആദ്യത്തെ റോക്കറ്റ് വിക്ഷേപണം ആരംഭിച്ചത് കേരളത്തിലാണ്. 1963 നവംബർ 21നു തുമ്പയിൽ നിന്ന്. അമേരിക്കൻ നിർമ്മിത കാലാവസ്ഥാ നിരീക്ഷണ റോക്കറ്റായ നൈക്ക് അപ്പാ ഷെ ആയിരുന്നു ആദ്യറോക്കറ്റ്. ഇതിന്റെ നിർ മ്മാണം പൂർത്തിയാക്കിയത് പള്ളിത്തുറയിലെ സെന്റ് മേരി മഗ്ദലന ദേവാലയ മുറ്റത്താണ്. ബിഷപ്പ് ഹൗസായിരുന്നു വിക്ഷേപണ കേന്ദ്രത്തിന്റെ ഓഫീസ്. പിന്നീടിത് ബഹിരാകാശ ഏജൻസിയായി മാറി.

### ആദ്യമെഡിക്കൽ കോളജ്

കേരളത്തിലെ ആദ്യത്തെ മെഡിക്കൽ കോളജ് തിരുവനന്തപുരത്ത് 1951 നവംബർ 27ന് പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റു ഉദ്ഘാടനം ചെയ്തു. ആദ്യ സ്വകാര്യ മെഡിക്കൽ കോളജ് ആലപ്പുഴ തിരുമല ദേവസ്വം മെഡിക്കൽ കോളജാണ്. 1963ൽ. 1967ൽ സർക്കാർ ഏറ്റെടുത്തു.

### ആദ്യടെക്നോപാർക്ക്

ഇന്ത്യയിലെ ആദ്യ ടെക്നോപാർക്ക് കേരളത്തിലാണ്. കാര്യവട്ടം ക്യാംപസിലെ വൈദ്യൻകുന്ന്. 1995 നവംബറിൽ പ്രധാനമന്ത്രി പി.വി.നരസിംഹറാവു ഉദ്ഘാടനം ചെയ്തു. ടെക്നോക്രാറ്റ് ജി.വിജയരാഘവൻ ആയിരുന്നു ആദ്യ സി.ഇ.ഒ.

### ആദ്യ ഫോൺ/ മൊബൈൽ ഫോൺ

ആദ്യ ടെലിഫോൺ സംവിധാനം നിലവിൽ വന്നത് 1931ലാണ്. 42 വരിക്കാരുമായിട്ടായിരുന്നു തുടക്കം. 1935ൽ രാജകൊട്ടാരത്തേയും പ്രശസ്തരേയും വരിക്കാരാക്കി 50 ലൈൻ ശേഷിയുള്ള ഓട്ടോമാറ്റിക് എക്സ് ചേഞ്ച് നിലവിൽ വന്നു. ആദ്യ മൊബൈൽ ഫോൺ നടപ്പിലാക്കിയത് എസ്കോട്ടെൽ എന്ന കമ്പനിയായിരുന്നു. 1996 സെപ്റ്റംബർ 17ന്. മൊബൈൽ ഫോണിലൂടെ ആദ്യം സംസാരിച്ചത് തകഴി ശിവശങ്കരപ്പിള്ളയാണ്. വൈസ് അഡ്മിറൽ എ.ആർ.ടാൻഡനായിരുന്നു ആദ്യ കേൾവിക്കാരൻ.

### ആദ്യ കമ്പനി

ആദ്യത്തെ ജോയിന്റ് സ്റ്റോക്ക് കമ്പനിയും ആദ്യം രജിസ്റ്റർ ചെയ്യപ്പെട്ട വ്യവസായ സ്ഥാപനവും പുനലൂർ പേപ്പർ മില്ലാണ്. 1888ൽ കല്ലടയാറിന്റെ തീരത്ത് പ്രവർത്തിച്ചു തുടങ്ങി. ഇന്ത്യയിലെ ആദ്യത്തെ കടലാസു നിർമ്മാണശാലയും ഇതുതന്നെയാണ്.

### ആദ്യ കലാലയം

ആദ്യ കലാലയം 1817ൽ കേണൽ മൺറോ സ്ഥാപിച്ച സി.എം.എസ്ആണ്. ദൈവശാസ്ത്ര ക്ലാസുകളോട് ആരംഭിച്ച സ്ഥാപനം പിന്നീട് ആദ്യ കോളേജായി മാറി. ഇന്ത്യയിൽ ആദ്യസർവ്വകലാശാല ആരംഭിക്കുന്നതിനു 40 വർഷം മുമ്പായിരുന്നു ഇതിന്റെ ആരംഭം.

### ആദ്യ സിനിമാപ്രദർശനം

ആദ്യമായി ചലച്ചിത്രം പ്രദർശിപ്പിച്ചുതുടങ്ങിയത് പോൾ വിൻസന്റ് എന്ന തിരുച്ചിറപ്പള്ളിക്കാരനാണ്. 1906ൽ കോഴിക്കോട്ടായിരുന്നു ആദ്യപ്രദർശനം. കുതിരപ്പന്തയം, ക്രിസ്തുവിന്റെ ജീവിതം തുടങ്ങിയവയാണ് ആദ്യം പ്രദർശിപ്പിച്ചത്.

## സർവ്വകലാശാലകൾ

കേരള സർവ്വകലാശാല, തിരുവനന്തപുരം 1937
കാലിക്കറ്റ് സർവ്വകലാശാല, കോഴിക്കോട് 1968
കൊച്ചി ശാസ്ത്ര സങ്കേതിക സർവ്വകലാശാല കൊച്ചി 1971
മഹാത്മഗാന്ധി സർവ്വകലാശാല കോട്ടയം 1983
കാർഷിക സർവ്വകലാശാല തൃശൂർ 1971
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കാലടി 1994
കണ്ണൂർ സർവ്വകലാശാല
നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോഴിക്കോട് 1961
നാഷനൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ്
ലീഗൽ സ്റ്റഡീസ് (NUALS) 2005
കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല 2006
ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി തിരുവനന്തപുരം 1974
കേന്ദ്ര സർവ്വകലാശാല, കാസർഗോഡ്. 2009
കേരള ആരോഗ്യ സർവ്വകലാശാല, തൃശൂർ 2010
കേരള വെറ്ററിനറി സർവ്വകലാശാല, വയനാട് 2010
തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല, മലപ്പുറം 2010
കേരള ഫീഷറീസ് സമുദ്ര പഠന സർവ്വകലാശാല, എറണാകുളം. 2011



## പ്രമുഖ സാംസ്കാരിക സ്ഥാപനങ്ങൾ

കേരളസാഹിത്യ അക്കാദമി, തൃശൂർ ഫോൺ.0487 - 2331069
കേരളകലാമണ്ഡലം, ചെറുതുരുത്തി. 0484 - 262562
കേരളസംഗീത നാടക അക്കാദമി, തൃശൂർ 0487 - 2332134
കേരളലളിതകലാ അക്കാദമി, തൃശൂർ 0487 - 2339262
കേരളഫോക്‌ലോർ അക്കാദമി, കണ്ണൂർ 0497 - 2778090
കേരളസംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 0471 - 2328549
കേരളസംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനനന്തപുരം 0471- 24753001
സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം 0481 - 2301812
കേരള പ്രസ് അക്കാദമി, കൊച്ചി 0484 - 2422275
കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം 0471 - 2310323
കേരള സംസ്ഥാനചലച്ചിത്ര വികസനകോർപ്പറേഷൻ, തിരുവനന്തപുരം 0471 - 2325325
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 0471 - 2313082
കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം 0471 - 2438802
കേരള സംസ്ഥാന ആർക്കൈവ്സ്, തിരുവനന്തപുരം 0471- 2313759
കേരള പുരാവസ്തു വകുപ്പ്, തിരുവനന്തപുരം 0471 - 2571043
സെൻട്രൽ ആർക്കൈവ്സ്, തിരുവനന്തപുരം 0471 - 2478728
ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ് ലൈബ്രറി, തിരുവനന്തപുരം. 0471 - 2308421
ഭാരത്ഭവൻ സൊസൈറ്റി, തിരുവനന്തപുരം 0471 - 2320198
വൈലോപ്പിള്ളി സംസ്കൃതിഭവൻ, തിരുവനന്തപുരം 0471 - 2311842
തുഞ്ചൻ സ്മാരക ട്രസ്റ്റ്, മലപ്പുറം 0494 - 2422213
കുഞ്ചൻനമ്പ്യാർ സ്മാരകം, കിള്ളിക്കുറിശ്ശിമംഗലം 0466 - 2230551
കുഞ്ചൻ നമ്പ്യാർ സ്മാരകം, അമ്പലപ്പുഴ 0477 - 2278900
ആശാൻ സ്മാരകം, തോന്നയ്ക്കൽ 0471 - 2618873
കുമാരനാശാൻ സ്മാരകം, പല്ലന കുമാരകോടി.
മഹാകവി മൊയിൻകുട്ടിവൈദ്യൻ മാപ്പിള കലാ അക്കാദമി, കൊണ്ടോട്ടി 0483 - 2711432
സഹോദരൻ അയ്യപ്പൻ സ്മാരകം, എറണാകുളം 0484 - 2488572
സ്റ്റേറ്റ് സെൻട്രൽലൈബ്രറി ആന്റ് പബ്ലിക്‌ലൈബ്രറി, തിരുവനന്തപുരം 0471-2322895
സ്കൂൾ ഓഫ് ഡ്രാമ, തൃശൂർ 0487 - 2385352
എ.ആർ.രാജരാജവർമ്മ സ്മാരകം, മാവേലിക്കര 0471 - 2320073
നരേന്ദ്രപ്രസാദ് നാടകപഠന ഗവേഷണകേന്ദ്രം, മാവേലിക്കര
തകഴി സ്മാരകം, തകഴി
സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, എറണാകുളം
കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരം 0471 - 2473921
ഇടശ്ശേരി സ്മാരക സമിതി, പൊന്നാനി 0487 - 2388211
ഉണ്ണായിവാരിയർ സ്മാരക കലാനിലയം, ഇരിങ്ങാലക്കുട 0480 - 2822031
നാലപ്പാടൻ സ്മാരക സാംസ്കാരിക സമിതി, ഗുരുവായൂർ 0487 - 2542230
സരസകവി മൂലൂർ സ്മാരകം, ഇലവുംതിട്ട
മഹാകവി ഉള്ളൂർ സ്മാരകം, തിരുവനന്തപുരം
മുണ്ടശ്ശേരി സ്മാരകം, തൃശൂർ 0487 2332560
പി.സ്മാരകം, കാഞ്ഞങ്ങാട് 0467 - 2207402
മഹാകവി പി.സ്മാരക കലാസാംസ്കാരിക കേന്ദ്രം, കൊല്ലങ്കോട് 04923 - 264775
കണ്ണശ്ശ സ്മാരകം, നിരണം 0469 - 2602244
മഹാകവി പി.സ്മാരക ട്രസ്റ്റ് കാഞ്ഞങ്ങാട് 0467 - 2268680
ചെറുകാട് സ്മാരക ട്രസ്റ്റ്, പെരിന്തൽമണ്ണ 04933 - 225264
വി.കെ.എൻ.സ്മാരക ട്രസ്റ്റ്, തൃശൂർ
വി.ടി.മെമ്മോറിയൽ ട്രസ്റ്റ്, അങ്കമാലി 0484 - 2454570
ഗുരുവായൂരപ്പൻ ട്രസ്റ്റ്, കൊച്ചി 0484 - 2375979
സമസ്ത കേരള സാഹിത്യ പരിഷത്ത്, എറണാകുളം 0484 - 2577859
കേരള ഫോക് ലോർ സെന്റർ ട്രസ്റ്റ്, അഴീക്കോട്സ 0497 - 2779403
പവനൻ ഫൗണ്ടേഷൻ ഇന്ത്യ, തൃശൂർ 0487 - 2339335
ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം, കൊച്ചി. 0484 - 2347594
ഒ.വി.വിജയൻ സ്മാരകസമിതി, പാലക്കാട്
കുഞ്ഞുണ്ണിമാഷ് സ്മാരകസമിതി, തൃശൂർ
ഗുരുഗോപിനാഥ് നടനഗ്രാമം, തിരുവനന്തപുരം 0471 - 2364771
മാർഗി കഥകളി-കൂടിയാട്ടം സെന്റർ, തിരുവനന്തപുരം 0471 - 2478806
വൈക്കം മുഹമ്മദ് ബഷീർ സ്മാരക സമിതി, വൈക്കം
വൈലോപ്പിള്ളി സ്മാരക സമിതി, തൃശൂർ.

# ഇന്ത്യയുടെ ഉരുക്കു മനുഷ്യൻ

# സർദ്ദാർ വല്ലഭഭായ് പട്ടേൽ

**വിനോദസഞ്ചാരം വർദ്ധിച്ചതോടെ ഈ നൂറ്റാണ്ടിൽ കൂടുതൽപേരും കാണാൻ ആഗ്രഹിക്കുന്നത് 153 മീറ്റർ ഉയരമുള്ള ചൈനയിലെ ഹെനാനിലെ ബുദ്ധന്റെ സ്പ്രിങ് ടെംബിൾ ആണ്. അതിനുമുമ്പ് ലോക റിക്കാർഡ് 93 മീറ്റർ ഉയരമുള്ള അമേരിക്കയിൽ ന്യൂയോർക്കിലുള്ള സ്റ്റാച്യൂ ഓഫ് ലിബർട്ടിയായിരുന്നു. എന്നാൽ 2018 ഒക്ടോബർ 31 ന് നമ്മുടെ പ്രധാനമന്ത്രി നരേന്ദ്രമോദിജി ഉദ് ഘാടനം ചെയ്ത ലോകത്തിലെ ഏറ്റവും ഉയരംകൂടിയ – 182 മീറ്റർ – സ്റ്റാറ്റ്യൂ ഓഫ് യൂണിറ്റി എന്ന സർദാർ വല്ലഭഭായി പട്ടേലിന്റെ പ്രതിമയാണ്.**

ഗുജറാത്തിലെ നർമദാ നദിക്കരയിലെ സർദാർ സരോവർ അണക്കെട്ടിനു സമീപത്തെ സാധുബേട് ദ്വീപിൽ 2900 കോടി രൂപ ചിലവിൽ പണിതീർത്ത ഇന്ത്യയുടെ ഉരുക്കുമനുഷ്യന്റെ പ്രതിമയായിരിക്കും ലോകത്തേറ്റവും വലുപ്പമുള്ളതും ഉയരമേറിയതുമായ പ്രതിമ. സ്വാതന്ത്ര്യസമരടന്മാരോടുള്ള ആദരസൂചകമായിട്ടാണീ പടുകൂറ്റൻ പ്രതിമ നിർമ്മിച്ചിട്ടുള്ളത്. ഒപ്പം സർദാർ പട്ടേൽ മ്യൂസിയവും സന്ദർശകർക്കായി തുറന്നുകൊടുക്കപ്പെടും. ഇന്ത്യയിലെതന്നെ വൈവിധ്യമാർന്ന കരകൗശലവസ്തുക്കൾ അടങ്ങുന്ന ഒരു പൈതൃക കേന്ദ്രമായി സാധുദ്വീപ് മാറും എന്ന് ചുരുക്കം.

ഇത്രയും വലിയ പ്രതിമ ഇത്രയും ഭീമമായ തുക ചിലവഴിച്ച് നിർമ്മിക്കാൻ മോദി സർക്കാർ തീരുമാനിച്ചതെന്തുകൊണ്ട്? അവിടെയാണ് ഉരുക്കുമനുഷ്യനായ ഇന്ത്യയുടെ ആദ്യത്തെ ഉപപ്രധാനമന്ത്രിയുടെ പ്രസക്തിയും സ്വാധീനവും.

അധികാരകൈമാറ്റം ഒരു യാഥാർത്ഥ്യമാക്കേണ്ടിവന്ന സാഹചര്യത്തിലാണ് 1946 സെപ്തംബറിൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ താൽക്കാലിക സർക്കാർ ഉണ്ടാക്കിയത്. നെഹ്റു ആ സർക്കാരിൽ വൈസ് പ്രസിഡന്റ് എന്ന സ്ഥാനമാണലങ്കരിച്ചിരുന്നത്. ഇത് പ്രധാനമന്ത്രി പദത്തിന് തത്തുല്യമായ ഒന്നായിരുന്നുതാനും. നെഹ്റുവിനെ സർക്കാർ ഉണ്ടാക്കാൻ ഇന്ത്യയിലെ ബ്രിട്ടീഷ് വൈസ്രോയി വേവൽപ്രഭു ക്ഷണിക്കാൻ കാരണം അന്ന് സ്വാതന്ത്ര്യസമരം നടത്തിയ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷൻ നെഹ്റു ആയിരുന്നതിനാലാണ്. മഹാത്മാഗാന്ധിയുടെ ശക്തിയായ ഇടപെടൽ മൂലമാണ് നെഹ്റുവിനെ കോൺഗ്രസ് പ്രസിഡന്റ് ആക്കിയത്. പക്ഷേ കോൺഗ്രസുകാരിൽ ഭൂരിപക്ഷവും സർദാർ പട്ടേലിനെയാണ് പിന്തുണച്ചിരുന്നത് എന്ന യാഥാർത്ഥ്യം അംഗീകരിച്ചേ മതിയാകൂ.

ഗാന്ധിജിക്ക് എന്നെന്നും നെഹ്റുവിനോട് ഒരു പ്രത്യേക വാത്സല്യവും ഉണ്ടായിരുന്നു. ഈ വാത്സല്യം ജവഹർലാലിനെ കോൺഗ്രസ് പ്രസിഡന്റാക്കി മാറ്റി. ഗാന്ധിജിയുടെ ഈ പ്രത്യേക വാത്സല്യം ഇല്ലായിരുന്നുവെങ്കിൽ ഇന്ത്യയുടെ ഭാഗധേയം പട്ടേലിന്റെ കൈവശമാകുമായിരുന്നു എന്ന പച്ചപരമാർത്ഥം മറച്ചുവയ്ക്കാൻ ചരിത്രം അനുവദിക്കുകയില്ല. കാരണം കോൺഗ്രസ് പാർട്ടിയുടെ അണികളിലും കേന്ദ്ര പാർലമെന്ററി ബോർഡിലും പട്ടേലിന് സുനിശ്ചിതമായി വിജയിക്കുവാൻ തക്ക അംഗബലവും പ്രാബല്യവും സ്വാധീനവും ഉണ്ടായിരുന്നു എന്നതിനാലാണത്.

1875 ഒക്ടോബർ 31 ന് ഗുജറാത്തിലെ നടിയാട് ഗ്രാമത്തിൽ ജാവർഭായി പട്ടേലിന്റെയും, ലഡ്ഭായിയുടേയും മകനായി ജനിച്ച വല്ലഭഭായി പട്ടേൽ ലെവാപട്ടിദാർ സമുദായാംഗമായിരുന്നു. കാർഷികവൃത്തിയിൽ വ്യാപൃതനായിരുന്ന അദ്ദേഹം 1857 ലെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു. നടിയാട് സ്ക്കൂളിൽ നിന്ന് 1897ൽ മെട്രിക്കുലേഷനും തുടർന്നൊരു നിയമബിരുദവും നേടി വല്ലഭഭായി. ഏറ്റവും കൂടുതൽ ക്രിമിനൽ കേസുകളുണ്ടായിരുന്ന ഖേഡ ജില്ലയിലെ ബോർഡ്സാറിൽ 1902 ൽ സ്ഥിരവാസമായി. 1910 ൽ ഇംഗ്ളണ്ടിൽ പോയി മിഡ്ഡിൽ ടെംബിളിൽ ചേർന്നു. റോമൻ നിയമത്തിൽ മികവിനുള്ള പ്രത്യേക സമ്മാനം നേടിയ ബാരിസ്റ്റർ വല്ലഭഭായിക്ക് മൂന്നുവർഷത്തിനു പകരം രണ്ടുവർഷം കൊണ്ട് പ്രാക്ടീസ് ചെയ്യാൻ അനുവദിക്കപ്പെട്ടു. ഇംഗ്ലണ്ടിൽ നിന്ന് മടങ്ങിയെത്തിയ ബാരിസ്റ്റർ അഹമ്മദാബാദിലായിരുന്നു പ്രാക്ടീസ് ആരംഭിച്ചത്.

തെറ്റിനെതിരെ ശരിക്കു വേണ്ടിയുള്ള മഹാത്മാ ഗാന്ധിയുടെപോരാട്ടം വല്ലഭായിയെ ആകർഷിച്ചു. 1917ൽ അഹമ്മദാബാദിലെ മുൻസിപ്പൽ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ടു. 1924 മുതൽ 28



വരെ മുൻസിപ്പൽ കമ്മിറ്റി അദ്ധ്യക്ഷനുമായിരുന്നു. 1917ലെ പ്ലേഗിന്റെ വേളയിൽ 1918ലെ ക്ഷാമകാലത്തും അദ്ദേഹം ചെയ്തസേവനങ്ങൾ പ്രകീർത്തിക്കപ്പെട്ടു. ഗാന്ധിജിയുടെ പ്രവർത്തനങ്ങളിൽ സഹായിച്ചിരുന്ന ഗുജറാത്തി സഭയുടെ സെക്രട്ടറിയായി 1917ൽ തന്നെ പട്ടേൽ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. 1918ലെ ഖേദ സത്യാഗ്രഹത്തിൽ പങ്കെടുത്ത് വിള നശിച്ചവർക്ക് കരം ഒഴിവാക്കിക്കൊടുത്തു. ഇതിനായി മൂന്നുമാസത്തിലധികം കാലം ജയിലിലും സമരവുമായി നടന്നു. പട്ടേലിനു പകരം മറ്റാരെങ്കിലുമായിരുന്നുവെങ്കിൽ ഖേദസമരം ഉപേക്ഷിക്കപ്പെടുമായിരുന്നുവെന്ന് ആത്മകഥയിൽ ഗാന്ധിജി പറയുന്നുണ്ട്.

1917–22 കാലഘട്ടം റൗലറ്റ് ആക്ട്, ഖിലാഫത്ത് തുടങ്ങിയവയുടെ കാലമായിരുന്നു. ഇക്കാലത്തെ രാഷ്ട്രീയ സമരങ്ങളിൽ പട്ടേൽ നിർണ്ണായക പങ്കാണ് വഹിച്ചത്. 22% മുതൽ 60% വരെ നികുതി വർദ്ധനവ് നടപ്പിലാക്കിയ ബർദോളി താലൂക്കിലെ നികുതി വിരുദ്ധ സമരത്തിന് നേതൃത്വം നൽകിയത് പട്ടേലിന്റെ ജീവിതത്തിലെ സുവർണ്ണ കാലത്തായിരുന്നു. എൺപതിനായിരം വരുന്ന കർഷകരുടെ പ്രശ്നമാണ് പട്ടേൽ ബർദോളിയിൽ ഉയർത്തിയത് (1928). പൊതു ജനസമരത്തിന് മുന്നിൽ മുട്ടുമടക്കേണ്ടിവന്ന അധികാരികൾ പട്ടേലിന് അടിയറവ് പറഞ്ഞു. ഈ സമരമാണ് വല്ലഭഭായി പട്ടേലിന് സർദാർ സ്ഥാനംനേടിക്കൊടുത്തത്. അവശരുടെ മേൽ അടിസ്ഥാനമില്ലാതെ അടിച്ചേൽപ്പിച്ച നികുതിഭാരം സർദാറിന്റെ ശ്രമഫലമായി ക്രമീകരിക്കപ്പെട്ടു.

**ഡോ. ടി.പി. ശങ്കരൻകുട്ടി നായർ**
മുൻ ഡയറക്ടർ ജനറൽ
പൈതൃകപഠനകേന്ദ്രം,കേരള സർക്കാർ

പൂർണ്ണസ്വരാജ് പ്രഖ്യാപിത ലക്ഷ്യമായി പ്രസ്താവിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ് സൈമൺ കമ്മീഷനെ ബഹിഷ്ക്കരിച്ചു. ഗാന്ധിജിയുടെ ഉപ്പുസത്യാഗ്രഹത്തിനു മുമ്പു തന്നെ സർദാറിനെ തടവിലാക്കി-ദണ്ഡി മാർച്ചിനു മുമ്പെ തന്നെ-ഗാന്ധിജിയും നെഹ്റുവും അടങ്ങുന്ന കോൺഗ്രസ് നേതാക്കളെല്ലാം തന്നെ തടവിലായി.

1931 മാർച്ചിൽ നടന്ന 46–ാം ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനാധ്യക്ഷൻ സർദാർ പട്ടേലായിരുന്നു. കോൺഗ്രസ് സമ്മേളനം ആരഭിച്ച ദിവസം തന്നെയായിരുന്നു ഭഗത് സിംഗ് അടക്കമുള്ളവരെ ബ്രിട്ടീഷ് സർക്കാർ തൂക്കിലേറ്റിയത്. ഗാന്ധി–ഇർവിൻസന്ധി അംഗീകരിക്കുകയായിരുന്നു കോൺഗ്രസ് സമ്മേളനത്തിന്റെ ലക്ഷ്യം. ഇർവിനുമായുള്ള സന്ധിയെ നെഹ്റുവും സുഭാഷ്ചന്ദ്രബോസ്ഉൾപ്പെടെയുള്ള യുവതുർക്കികൾ എതിർത്തു. ഗാന്ധിജി ഉണ്ടാക്കിയതായിരുന്നതിനാൽ എല്ലാവരുമത് അംഗീകരിക്കുകയും സിവിൽ ആജ്ഞാലംഘനം നിർത്തി വയ്ക്കുകയും ചെയ്തു. വട്ടമേശ സമ്മേളനങ്ങൾ വിളിക്കാനും അതിൽ പങ്കെടുക്കുന്നതിനുവേണ്ടി എല്ലാ നേതാക്കളേയും ജയിൽ വിമുകത്കരാക്കുന്നതിനും ബ്രീട്ടീഷുകാർ സമ്മതിച്ചിരുന്നു.

വട്ടമേശ സമ്മേളനം പരാജയപ്പെടുമെന്ന് എല്ലാവർക്കും മുൻകൂട്ടി അറിയാമായിരുന്നു. ഇതിനെ തുടർന്ന് ഗാന്ധിജിയടക്കമുള്ള അഖിലേന്ത്യാ നേതാക്കളെല്ലാം വീണ്ടും ജയിലിലായി. ഗാന്ധിജിയും സർദാർ പട്ടേലും യേർവാദ ജയിലിലായിരുന്നു പതിനാറുമാസക്കാലം (ജനുവരി 1932 മുതൽ മേയ് 1933 വരെ) ഗാന്ധിജിയെ അടുത്തറിയുന്നതിന് വല്ലഭഭായി പട്ടേലിനു ലഭിച്ച പതിനാറുമാസങ്ങളായിരുന്നു അത്. നാടിന് വേണ്ടി പട്ടേൽ വീണ്ടും ഒരു വർഷം നാസിക് ജയിലിലും കിടന്നു.

1935 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ട് പ്രകാരം ഇന്ത്യക്ക് സ്വയം ഭരണാവകാശം ലഭിക്കുമെന്നായി. പതിനൊന്നിൽ ഏഴ് പ്രവിശ്യകളിൽ ഇന്ത്യൻനാഷണൽ കോൺഗ്രസ് വിജയിക്കുകയും മന്ത്രിസഭകൾ ഉണ്ടാക്കുകയും ചെയ്തു. കോൺഗ്രസ് പാർലമെന്ററി പാർട്ടി സബ്കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ ഈ പ്രവിശ്യാഭരണത്തെ പട്ടേൽ നേർവഴിക്ക് നയിച്ചു എന്ന് പറയാതെ വയ്യാ.

എന്നാൽ രണ്ടാം ലോകമഹായുദ്ധം ആരംഭിക്കുകയും 1939 സെപ്തംബർ മൂന്നിന് ബ്രിട്ടൺ ജർമ്മനിയോട് യുദ്ധ പ്രഖ്യാപനം നടത്തുകയും ചെയ്തപ്പോൾ എല്ലാ കോൺഗ്രസ് മന്ത്രിസകളും രാജിവച്ചു. കോൺഗ്രസിനോടാലോചിക്കാതെ ഇന്ത്യ യുദ്ധത്തിൽ ബ്രിട്ടന്റെ ഭാഗത്താണ് എന്നുള്ള വൈസ്രോയിയുടെ പ്രഖ്യാപനമായിരുന്നു ഇതിന് ഹേതുവായത്. ഇത്തരം ഒരു സമീപനം ഗാന്ധിജിയെ സമരത്തിലേക്ക് വീണ്ടു തള്ളിവിട്ടു. കോൺഗ്രസ് നേതാക്കളെല്ലാം തടവിലുമായി. 1940 നവംബറിൽ സർദാർ പട്ടേൽ തടവിലായി. എങ്കിലും ആരോഗ്യപ്രശ്നങ്ങളാൽ 1941 ആഗസ്റ്റിൽ ജയിൽ മോചിതനായി. 1942 ആഗസ്റ്റിൽ വീണ്ടു തടവിലാക്കി. ഇന്ത്യ വിടുക പ്രക്ഷോഭത്തിന്റെ ഭാഗമായി. അഹമ്മദ്നഗർ കോട്ടയിൽ പട്ടേൽ മൂന്നു വർഷത്തോളം ജയിൽ ശിക്ഷ അനുഭവിച്ചു.

ലോകമഹായുദ്ധം അവസാനിച്ചതോടെ ഇന്ത്യാക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ബ്രിട്ടൺ ബാദ്ധ്യസ്ഥരായി എന്ന് പറയുന്നതിൽ തെറ്റില്ല. ചർച്ചിൽ തോറ്റതും അധികാര കൈമാറ്റത്തിന് വേഗതകൂട്ടി. അധികാര കൈമാറ്റ ചർച്ചകളിൽ അനിഷേധ്യമായ സ്ഥാനമായിരുന്നു പട്ടേലിന്. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ പട്ടേലിന്റെ സ്ഥാനം അദ്വിതീയമായിരുന്നുതാനും.

ആഭ്യന്തരവകുപ്പ് മന്ത്രിയെന്ന നിലയിലും പ്രഥമ ഉപപ്രധാനമന്ത്രിയെന്ന നിലയിലും സർദാർ 562 നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചത് ആധുനിക ചരിത്രത്തിലെ ഒരു രക്ത രഹിതവിപ്ലവമാണ്. ജനാധിപത്യം സാക്ഷാത്ക്കരിക്കുന്നതിലും നാട്ടുരാജ്യങ്ങളെയെല്ലാം യോജിപ്പിക്കുന്നതിലും സഹായിയായി വി.പി.മേനോൻ ഉണ്ടായിരുന്നുവെങ്കിലും സർദാർ പട്ടേലിന്റെ നിർണ്ണായക പങ്ക് നിസ്തുലമാണ്. കാശ്മീർ പ്രശ്നം

# വിസ്മയപ്രപഞ്ചമൊരുക്കുന്ന മജീഷ്യൻ സാമ്രാജ്

ആളുകളുടെ പ്രതികരണം ശ്രദ്ധിക്കണം, ഡയലോഗ് പ്രസന്റേഷൻ നടത്തണം. ആകെയൊരു അങ്കലാപ്പ്. പത്തുപതിനഞ്ചു മിനിട്ട് പിടിച്ചുനിന്നു. കുട്ടികളും ബോറടിക്കാൻ തുടങ്ങി. പ്രധാന ഇനമായ 'ബന്ധിക്കപ്പെട്ട പെട്ടിയിൽനിന്നും' രക്ഷപെടാനുള്ള പരിപാടിക്കു വേണ്ടി തയ്യാറെടുപ്പു നടത്തിയപ്പോഴേക്കും സംഘാടകർ കർട്ടനിട്ടു.

രണ്ടാമത്തെ പരിപാടിയും പരാജയപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടാണ് പരാജയപ്പെട്ടതെന്ന് പരിശോധിച്ചു. ഓരോ ഇനവും അവതരിപ്പിച്ച രീതി പുനഃപരിശോധിച്ചു. കാഴ്ചക്കാരെ കൈയ്യിലെടുക്കാൻ കഴിഞ്ഞില്ലാ എന്നതാണ് ആദ്യപരാജയമെന്നും ഇനങ്ങളിൽ പുതുമ കുറവായിരുന്നുവെന്നും തിരിച്ചറിഞ്ഞു. പരാജയങ്ങളെ വിജയമാക്കി മാറ്റുവാനുള്ള പരിശ്രമത്തിലായിരുന്നു സാമ്രാജ് എന്ന അനുനിമിഷ പ്രയത്നശാലി. മന്ത്രത്തിന്റെ മാത്രമല്ല തന്ത്രത്തിന്റെ കലകൂടിയാണ് മാജിക് എന്നു തിരിച്ചറിഞ്ഞു. ആരും രക്ഷകരായി വരികയില്ല. സ്വയം വെളിപ്പെടണം; മറ്റുള്ളവരെ വെളിപ്പെടുത്തണം. വാർത്തകളിൽ ഇടം പിടിക്കണം. അതിനെക്കുറിച്ചായി പിന്നീടുള്ള ആലോചനയും ചിന്തയും.

ഗൾഫ് ന്യൂസ് എന്ന പേരിൽ ഒരു വീക്കിലി പ്രസിദ്ധീകരിക്കുന്നുണ്ട്. അതിൽ പ്രഗത്ഭരുടെ ജീവിതവഴികൾ പ്രസിദ്ധീകരിക്കുന്നുണ്ടായിരുന്നു. അതിൽ കയറിക്കൂടണം. അതിനായി ശ്രമം. ഒടുവിൽ സാമ്രാജിനെ ഇന്റർവ്യൂവിനായി വിളിച്ചു. 'എ ഡേ ഇൻ ദ ലൈഫ്' എന്ന പേരിൽ പ്രശസ്തരുടെ ഒരു പംക്തിയുണ്ട്. ഒരുദിവസം എങ്ങനെ ചെലവഴിക്കുന്നു




എന്നാണ് അതിൽ പ്രസിദ്ധീകരിക്കുക. അത് മറ്റുള്ളവർക്ക് പ്രചോദനം നൽകുന്ന പംക്തിയാണ്. പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ദുബായ് സന്ദർശിച്ചപ്പോൾ അവരുടെ ദിനചര്യയും ഗൾഫ് ന്യൂസിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇന്റർവ്യൂവിൽ പറയേണ്ടുന്ന ദിനചര്യ ഭാവനയിൽ മുൻകൂട്ടി കുറിച്ചുവച്ചു. അവർക്കുവേണ്ടത് മറ്റുള്ളവരിൽ നിന്നും വേറിട്ട ജീവിതശൈലിയുള്ളവരെയാണ്. സത്യാവസ്ഥ പറഞ്ഞാൽ അംഗീകരിക്കില്ല. പത്രത്തിൽ ഇടം കിട്ടുകയുമില്ല. എങ്ങനെയും കടന്നുകൂടണം. മറ്റുള്ളവരെ അറിയിക്കാൻ അതേ മാർഗ്ഗമുള്ളൂ. ഇല്ലാത്ത കാര്യങ്ങൾ പലതും മനസ്സിൽ കരുതിവച്ചു.

"രാവിലെ അഞ്ച് മണിക്ക് എഴുന്നേല്ക്കും. ആദ്യം മെഡിറ്റേഷൻ. അതു കഴിഞ്ഞ് ബുദ്ധി തെളിയാൻ ഒരു സ്പൂൺ തേൻ കഴിക്കും. ആറുമണിക്ക് യോഗ. ഏഴു മണിക്ക് ഷട്ടിൽ. ഡയറ്റ് കൺട്രോളിന്റെ ഭാഗമായി ഉച്ച ഭക്ഷണം മൂന്നു സ്പൂൺ ചോറുമാത്രം. പതിനഞ്ചു മിനിറ്റ് ഉറക്കം. ജോലി കഴിഞ്ഞ് വൈകിട്ട് ഏഴ് മണിക്ക് തിരിച്ചെത്തും. വീണ്ടും ബോഡി ബിൽഡിംഗ്, കുറച്ചു വായന. 10 മണിക്ക് ന്യൂസ് കാണും. 10.30ന് മെഡിറ്റേഷൻ. പിന്നെ ഉറക്കം." പറഞ്ഞതെല്ലാം ഫിലിപ്പൈൻ സുകാരി എഴുതിക്കൊണ്ടിരുന്നു. മജീഷ്യൻ സാമ്രാജിന്റെ വേറിട്ട ജീവിതം ഗൾഫ് ന്യൂസിന്റെ പംക്തിയിൽ വന്നു. മജീഷ്യൻ പ്രശസ്തനായിരിക്കുന്നു. ഇനി ഒതുങ്ങിക്കൂടാനാവില്ലല്ലോ.

നാട്ടിലെത്തണം. ഒരു ട്രൂപ്പ് തുടങ്ങണം. ആഗ്രഹത്തിന്റെ ആവേശക്കടലിൽ മുങ്ങിയ സാമ്രാജ് ഉയർന്ന ശമ്പളമുള്ള ജോലി ഉപേക്ഷിച്ച് കുടുംബവുമായി നാട്ടിലെത്തി. വിപുലമായ രീതിയിൽ ട്രൂപ്പ് ആരംഭിച്ചു. കലാകാന്മാരെ കൂട്ടിയിണക്കി 'സാമ്രാജ് വേൾഡ് ഓഫ് മാജിക്' എന്ന പ്രസ്ഥാനം ആരംഭിച്ചു. വൈവിധ്യമേഖലകളിൽ പ്രശസ്തരായവർ ഏറെയുണ്ടെങ്കിലും മാവേലിക്കരയിൽ നിന്നും ഒരു മജീഷ്യൻ ഉദയം ചെയതത് സാമ്രാജിലൂടെയാണ്. ഫയർ എസ്കേപ്പ് ആക്ട്, ദ ഗ്രേവിയാഡ് എസ്കേപ്പ് ആക്ട്, ദ ബോംബ് ബ്ലാസ്റ്റ് എസ്കേപ്പ്, ദ റിസറക്ഷൻ ഓഫ് മദർ തെരേസ, ട്രാജിക് എൻഡ് ഓഫ് ടൈറ്റാനിക് തുടങ്ങിയ പരിപാടികൾ അവതരിപ്പിച്ച് കൈയ്യടി നേടി.

Expert at the Card Table, The Royal Road of Card Magic, Modern Coin Magic, 13 steps to Mentalism തുടങ്ങി മാജിക്കുമായി ബന്ധപ്പെട്ട ആധികാരിക കൃതികൾ പഠിച്ചു. ആനയെ ആദ്യമായി അപ്രത്യക്ഷമാക്കിയ ഹാരി ഹൗഡിനി, ശരീരം മുറിച്ചു കൂട്ടിച്ചേർക്കുന്നത് ആദ്യമായി അവതരിപ്പിച്ച സെൽബീറ്റ്, തലകീഴായി തുക്കിയിട്ട ബന്ധനത്തിൽനിന്നും മോചിതനാകുന്ന ചാൾസ് മോഹർ തുടങ്ങിയ വിദേശിയരുടെ വിദ്യകൾ പരിഷ്കരിച്ച് പുതുമ വരുത്തി അവതരിപ്പിച്ചു.

ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ ഇടം പിടിച്ചു. വിശേഷ ദിവസങ്ങളിൽ ചാനലുകളിൽ പരിപാടികൾ അവതരിപ്പിച്ചു. ചെറുതും വലതുമായ ഒട്ടേറെ മാജിക് ട്രൂപ്പുകൾ ഉണ്ടെങ്കിലും അവയുടെ മുൻനിരയിലെത്തുവാൻ മജീഷ്യൻ സാമ്രാജിന് അധികനാളുകൾ വേണ്ടിവന്നില്ല. അദ്ദേഹം തിരഞ്ഞെടുത്ത ശൈലിയുടെ പ്രത്യേകതയും അതിനു കാരണമായി. മലയാളി സംഘടനകളും പ്രസ്ഥാനങ്ങളുമുള്ള വിവിധ സംസ്ഥാനങ്ങളിൽ മാജിക് അവതരിപ്പിച്ചു തുടങ്ങി. അതിപ്രശസ്തരുടെ നിരയിലേക്ക് സാമ്രാജ് ഉയർന്നു.

മജീഷ്യൻ സാമ്രാജ് തന്റേതായ ഒരു പ്രവർത്തന ശൈലിക്ക് രൂപം നൽകി. സ്ത്രൈണഭാവനയുള്ള മാജിക് അവതരണരീതിയായിരുന്നു പൊതുവെ അതുവരെ അംഗീകരിക്കപ്പെട്ടിരുന്നത്. അതിനൊരുമാറ്റം വരുത്തി. ഹൊറർ ടച്ച് ആദ്യമധ്യാന്തം നിലനിർത്തിക്കൊണ്ടുള്ള പരിപാടികളാണ് അവതരിപ്പിച്ചത്. നാല്പതോളം കലാകാരന്മാരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് മാജിക് സംഘം നിരവധി തവണ ഇന്ത്യയിൽ തലങ്ങും വിലങ്ങും സഞ്ചരിച്ചു.

പരിപാടികൾ നടത്തുന്നത് അതിനു മുമ്പ് ആ പ്രദേശത്തുള്ള പ്രശസ്തരായവരെയും പരിപാടി കാണുന്നതിനായി പ്രത്യേകം ക്ഷണിക്കുമായിരുന്നു. ഗുജറാത്തിലെ ഒരു ദേവാലയത്തിൽ പരിപാടിക്കായി പോയപ്പോൾ ഇന്ത്യൻ ധവളവിപ്ലവത്തിന്റെ ഉപജ്ഞാതാവായ വർഗീസ് കുര്യനെ കാണുവാനും ക്ഷണിക്കുവാനുംകഴിഞ്ഞു. ഒരു പൊതുപരിപാടികളിലും അദ്ദേഹം പങ്കെടുക്കുമായിരുന്നില്ല. അതിനുള്ള സമയമോ സാവകാശമോ അദ്ദേഹത്തിനുണ്ടാകുമായിരുന്നില്ല. ആനന്ദഭവനിലെത്തി അദ്ദേഹത്തെ നേരിട്ട് ക്ഷണിച്ചു. എത്ര പാസ് തരുമെന്നായി കുസൃതിചോദ്യം. അദ്ദേഹത്തിനും ഭാര്യയ്ക്കും എടുത്തു വളർത്തുന്ന രണ്ടു കുട്ടികൾക്കുമുള്ള പാസ് നൽകി. കൃത്യസമയത്തുതന്നെ കുടുംബസമേതനായി അദ്ദേഹം വന്നു. അദ്ദേഹത്തെക്കൊണ്ടുതന്നെ ആ പരിപാടി ഉദ്ഘാടനം ചെയ്യിപ്പിച്ചു. ആരോഗ്യമനുവദിക്കുന്നില്ലായെന്നും കഷ്ടിച്ച് അരമണിക്കൂർ കഴിയുമ്പോൾ തിരിച്ചുപോകുമെന്നും പറഞ്ഞ വർഗീസ് കുര്യൻ മൂന്നു മണിക്കൂർ മാജിക് തീരുന്നതുവരെ കൗതുകത്തോടെ കണ്ടിരുന്നു. അവിടെയുള്ള മലയാളി സമൂഹത്തിന് അതും ഒരത്ഭുതമായിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ ക്ഷണപ്രകാരം അമുൽ ഡയറി ഫാക്ടറിയിൽ പോകുകയും അവിടുത്തെ പ്രവർത്തനമാകെ മനസ്സിലാക്കുവാനുള്ള അവസരം ലഭിച്ചു.

'ഭാരതയാത്ര'യുടെ ഭാഗമായി അഹമ്മദ്ബാദിലെ മിലിറ്ററി ക്യാമ്പിൽ നടത്തിയ പരിപാടി സാമ്രാജിനെ ത്തന്നെ അതിശയിപ്പിക്കുന്നതായി മാറി. എറണാകുളം സ്വദേശിയായ ബ്രിഗേഡിയർ നായരുടെ താല്പര്യപ്രകാരമാണ് ക്യാമ്പിൽ എന്റർറ്റെയ്ൻമെന്റ് പ്രോഗ്രാം നടത്തിയത്. പരിപാടി കഴിഞ്ഞ് ബ്രിഗേഡിയർ തന്റെ വീട്ടിലേക്ക് ക്ഷണിച്ചു. ബ്രിഗേഡിയറുടെ പവ്വർ എന്താണെന്ന് അന്ന് ആദ്യമായി നേരിൽ കാണുകയാണ്. ഇരുപത്തിനാലോളം സേർവന്റ്സ് അവിടെയുണ്ട്. ഗ്രാന്റ് പാർട്ടിയാണ് നൽകിയത്. പോകാറായപ്പോൾ ബ്രിഗേഡിയർക്കും ഭാര്യയ്ക്കും ഒരാഗ്രഹം. 'ഒപ്പം നിന്ന് ഒരു ഫോട്ടോ എടുക്കുന്നതിൽ വിരോധമുണ്ടോയെന്ന്' ബ്രിഗേഡിയർ. മറ്റുള്ളവരെ അതിശയിപ്പിക്കുന്ന സാമ്രാജാണ് ഇപ്രാവശ്യം ശരിക്കും അതിശയിച്ചത്. ഒരു ബ്രിഗേഡിയർ ചോദിക്കുന്നു ഒപ്പം നിന്ന് ഒരു ഫോട്ടോ എടുത്തോട്ടെയെന്ന്!

ഇന്റർനാഷണൽ ബ്രദർഹുഡ് ഓഫ് മജീഷ്യൻ സിൽ അംഗത്വം ലഭിച്ചു എന്നത് മറ്റൊരു വഴിത്തിരിവായിരുന്നു. അതോടെ സാമ്രാജിന്റെ മാജിക് വിദേശരാജ്യങ്ങളിൽ അവതരിപ്പിക്കുന്നതിനുള്ള അനുകൂല സാഹചര്യം ഉണ്ടായി. ലോകം അംഗീകരിച്ച മജീഷ്യൻ. അതായിരുന്നു ആ ലേബലിലൂടെ സാമ്രാജിന് കൈവന്നത്.

കാശ്മീരിലെ മിലിറ്ററി ക്യാമ്പുകളിൽ ജവാന്മാർക്കുവേണ്ടി അവതരിപ്പിച്ച 'വീരകുരുക്ഷേത്രം' അതിർത്തി രക്ഷിക്കുന്ന ഭടന്മാർക്ക് ആവേശം ജനിപ്പിക്കുന്നതായിരുന്നു. സദ്ദാം ഹുസൈനെ തൂക്കിലേറ്റുന്നതിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിച്ച 'സദ്ദാമിന് മരണമില്ല' എന്ന ഇനത്തിൽ തൂക്കിലേറ്റപ്പെട്ട സദ്ദാം ഹുസൈനെ വേദിയിൽ ജീവനോടെ പ്രത്യക്ഷപ്പെടുത്തി.

വിദേശപര്യടനത്തിടെ ലോകപ്രശസ്ത മാന്ത്രികരായ ഡേവീസ് കോപ്പർ ഫീൽഡ്, പോൾ ഡാനിയേൽ, മാർക് വിൽസൺ, ജോൺ കാൽവെർട്ട് എന്നിവരുടെ മായാജാലപ്രകടനങ്ങൾ കണ്ടു. അവയെ സ്വന്തം നിലയിൽ വിലയിരുത്തി.

സാമ്രാജിന് രാജ്യാന്തര പ്രശസ്തി നേടിക്കൊടുത്ത ഇനമാണ് 'ഫയർ എസ്കേപ്പ് ആക്ട്'. ആലപ്പുഴ നെഹ്റു ട്രോഫി വള്ളം കളിയോടനുബന്ധിച്ചാണ് ഫയർ എസ്കേപ്പ് അവതരിപ്പിച്ചത്. പരിപാടിയിൽ വ്യത്യസ്തയുണ്ടാ



വണം. അതിനുവേണ്ടി സാഹസമായ കാര്യങ്ങൾ ചെയ്യുവാൻ ഒരു മടിയും കാട്ടാറില്ല. വൈക്കോൽ കൂന ഉണ്ടാക്കിയിട്ട് ചങ്ങലയ്ക്കിട്ട് പൂട്ടി പെട്ടിക്കകത്തായ സാമ്രാജിനെ ക്രെയ്ൻ ഉപയോഗിച്ച് വൈക്കോൽ കൂനയിലേക്ക് എറിയുകയാണ്. വൈക്കോലിന് തീ കൊളുത്തുന്നത് ഭാര്യ മേരിയാണ്. 'ഭർത്താവിനെ ജീവനോട് തീയ്ക്കിരയ്ക്കുന്ന ഭാര്യ!' അതാണ് ആ പരിപാടിയുടെ പെർഫെക്ഷൻ. മേരി തീ കൊളുത്തുന്ന ചിത്രം പിറ്റേദിവസത്തെ പത്രത്തിൽ പ്രസിദ്ധീകരിച്ചുവന്നു. അതിൽ മേരി കരയുന്നുണ്ടായിരുന്നു.

തിരുവനന്തപുരത്ത് അവതരിപ്പിച്ച ബോംബ് ബ്ലാസ്റ്റ് എസ്കേപ്പും അത്തരത്തിലുള്ള ഒരിനമായിരുന്നു. അതിലും മേരിക്കായിരുന്നു പ്രാധാന്യം. ദേഹം മുഴുവൻ നാടൻ ബോംബു വച്ചുകെട്ടി ചങ്ങലക്കിട്ടു സാമ്രാജിനെ കാറിലിട്ടു പൂട്ടും. കാറും ചങ്ങലകൾ കൊണ്ടു ചലിക്കാനാവാത്തവിധം ബന്ധിപ്പിച്ചിരുന്നു. മുന്നൂറു മീറ്ററോളം നീളത്തിലുള്ള മാലപ്പടക്കം ബോംബു കൊട്ടാരവുമായി ചേർത്തുകെട്ടിയിരുന്നു. നടൻ ക്യാപ്റ്റൻ രാജുവാണ് മലപ്പടക്കത്തിനു തീ കൊളുത്തിയത്. പതിനഞ്ചു സെക്കന്റിനുള്ളിൽ മാലപ്പടക്കത്തിൽ നിന്നും തീ പടർന്ന് ബോംബു കൊട്ടാരം വലിയ തീഗോളമായി മാറും. ഇതിനിടയിൽ ബന്ധനത്തിൽ നിന്നും മാന്ത്രികൻ രക്ഷപ്പെട്ട് ബന്ധിതയായിരിക്കുന്ന ഭാര്യയെ

# വിസ്മയപ്രപഞ്ചമൊരുക്കുന്ന മജീഷ്യൻ സാമ്രാജ്




മോചിപ്പിച്ചു പുറത്തുകൊണ്ടുവരണം. അപ്പോഴേക്കും ബോംബു കൊട്ടാരം തകർന്നിരിക്കും. ഇതെല്ലാം നിമിഷങ്ങളുടെ കണക്കുകൂട്ടലുകളിൽ സംഭവിക്കേണ്ടതാണ്. ഒരു ബോംബുപൊട്ടി മേരിയുടെ സാരിക്കു തീപിടിച്ചു. ഏതെങ്കിലും കാരണവശാൽ മജീഷ്യനു രക്ഷപ്പെടുത്താൻ കഴിയുന്നില്ലായെങ്കിൽ രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗം മേരിയെ നേരത്തെ പഠിപ്പിച്ചിരുന്നു. ബോംബ് ബ്ലാസ്റ്റ് എസ്കേപ്പ് വൻ വിജയമായിരുന്നു.

കൗതുകവും അതിശയവും ഭീതിതവുമായ അന്തരീക്ഷവും സൃഷ്ടിക്കുമ്പോൾ അതെല്ലാം സ്വയം ഭീഷണി ഉയർത്തുന്ന ഇനങ്ങളാണെന്ന് അറിഞ്ഞുകൊണ്ടുള്ള സാഹസികതക്കാണ് സാമ്രാജ് പ്രാധാന്യം നൽകിയിരുന്നത്. ഈ സാഹസികതയാണ് മജീഷ്യൻ സാമ്രാജിനെ അംഗീകാരത്തിന്റെ നിറുകയിലെത്തിക്കുന്നത്. സാഹസിക രക്ഷപെടൽ വിദ്യയുടെ ചക്രവർത്തിയായ ഹംഗേറിയൻ മാന്ത്രികൻ ഹാരി ഹൗഡിനിയെ അനുസ്മരിച്ചുകൊണ്ട് ടൈംസ് ഓഫ് ഇന്ത്യ സാമ്രാജിനെ 'ഇൻഡ്യൻ ഹൗഡിനി' എന്നു വിശേഷിപ്പിക്കുകയുണ്ടായി.

മോഡേൺ മാജിക്കിന്റെ സാധ്യതകളെ കരഗതമാക്കുമ്പോൾ പൗരാണികമായ മാജിക് രീതികളെക്കുറിച്ചുള്ള അന്വേഷണവും അദ്ദേഹം തുടരുന്നു. മന്ത്രതന്ത്രങ്ങളിലെ ചെപ്പടിവിദ്യകളുടെ അകമ്പടിയോടുകൂടിയാണ് ഭാരതത്തിൽ മാജിക് എന്ന കലാരൂപം വളർന്നത്. രാമായണത്തിൽ മാരീചൻ മാനായതും, പാണ്ഡവരുടെ കൊട്ടാരത്തിൽ കൗരവർക്ക് അനുഭവപ്പെട്ട സ്ഥല ജലവിഭ്രാന്തിയുമെല്ലാം അതിന്റെ തുടർച്ചയാണ്. അവയിൽ 'ചെപ്പും പന്തും' ഏറെ പഴക്കമുള്ള രീതിയാണ്. ഇതിന്റെ പൊരുൾ അറിയുന്നതിനുവേണ്ടി അതിലെ വിദഗ്ദ്ധരായ കുറ്റിയാടി നാണു, ചീരക്കുഴി ഉണ്ണിക്കൃഷ്ണൻ തുടങ്ങിയവരിൽ നിന്നും അതിന്റെ ശാസ്ത്രീയത മനസ്സിലാക്കി.

മാജിക്കിനെക്കുറിച്ചുള്ള ഗവേഷണ പഠനകേന്ദ്രം എന്നതാണ് സാമ്രാജിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി നിലവിലുള്ള സമ്പ്രദായികവും ശാസ്ത്രീയവുമായ എല്ലാ രീതികളിലുമുള്ള അറിവുകൾ സമാഹരിച്ചുവരുന്നു. അതൊരു ഇന്റർ നാഷണൽ അക്കാദമിയുടെ തലത്തിലേക്ക് ഉയരണം എന്നതാണ് അദ്ദേഹത്തിന്റെ പ്രതീക്ഷ. മാജിക്കിലേക്ക് പുതിയ തലമുറ കടന്നുവരണമെന്നും അത് വെറുമൊരു 'കണ്ടു ചെയ്യൽ' ആകരുതെന്നും സാമ്രാജ് ആഗ്രഹിക്കുന്നു. തെരുവോരങ്ങളിൽ മാജിക് അവതരിപ്പിക്കുന്ന ഒട്ടുവളരെ കലാകാരന്മാരുണ്ട്. അവരെ കൂട്ടിയിണക്കുവാനുള്ള പദ്ധതിയുമുണ്ട്. വേദികൾ ഒരുക്കി അവരെ ആദരിക്കുവാനും സാമ്പത്തികമായി സഹായിക്കുവാനും ശ്രമിക്കുന്നു.

സംഗീതം കൊണ്ട് ചികിത്സ നടത്താമെങ്കിൽ വിവിധ കലകളുടെ സമന്വയമായ ജാലവിദ്യ എന്തുകൊണ്ട് ചികിത്സാരംഗത്ത് പരീക്ഷിച്ചുകൂടാ എന്ന ചിന്ത സാമ്രാജിനെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. സമൂഹം അംഗീകരിച്ച ദാർശനികരുമായും മനഃശാസ്ത്രജ്ഞരുമായി ബന്ധപ്പെട്ട് ഇത്തരം വിഷയങ്ങളിൽ ആശയവിനിമയം നടത്താറുണ്ട്. ഡോ. പി. ഗംഗാധരന്റെ മേൽനോട്ടത്തിൽ എറണാകുളം ലേക്ഷോർ ആശുപത്രിയിൽ അർബുദരോഗികൾക്കിടയിൽ നടത്തിയ പരീക്ഷണം ആ മേഖലയിൽ പുതുമയാർന്നതായിരുന്നു. മരണാസന്നരായ വൃദ്ധജനങ്ങളും കുഞ്ഞുങ്ങളും മാജിക് കണ്ട് എല്ലാംമറന്ന് പൊട്ടിച്ചിരിച്ച കാഴ്ച അനിർവചനീയമായിരുന്നു. ബാംഗ്ലൂരിലെ ദേശീയ മനഃശാസ്ത്ര പഠനകേന്ദ്രം (NIMHANS), ബോംബെയിലെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് (TISS), തിരുവനന്തപുരത്തെ ശ്രീചിത്രാ മെഡിക്കൽ സെന്റർ, ദില്ലിയിലെ ദേശിയ മെഡിക്കൽ കോളജ് (AIIMS)എന്നിവയുടെ സഹകരണത്തോടെയും ഈ പദ്ധതി വികസിപ്പിച്ചെടുക്കുകയുണ്ടായി.

മാജിക്കിലൂടെ സാമൂഹിക അവബോധം നൽകുവാൻ കഴിയുന്ന പരിപാടികൾക്കും സാമ്രാജ് രൂപംനൽകിയിട്ടുണ്ട്. ദേശീയ സുരക്ഷ, ഗ്രീൻ എർത്ത്, ട്രാഫിക്, മദ്യമയക്കുമരുന്നുകൾക്കെതിരെയുള്ള ബോധവത്കരണം, എയ്ഡ്സ് ബോധവത്കരണം തുടങ്ങിയ പല വിഷയങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള പരിപാടികൾ അവതരിപ്പിക്കുന്നു.

രാജ്യാന്തരനിലവാരത്തിലുള്ള ഒരു കൺവൻവൻ 'മന്ത്ര' സാമ്രാജിന്റെ നേതൃത്വത്തിൽ തൃശൂരിൽവെച്ച് നടത്തുകയുണ്ടായി. ഇരുപത്തിയഞ്ചിൽപരം രാജ്യങ്ങളിൽ നിന്നായി ആയിരത്തോളം മാന്ത്രികരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ 'മന്ത്ര' മറ്റൊരു വിസ്മയമായിരുന്നു. മൂന്നു ദിവസമായി നടന്ന കൺവൻഷനിൽ 193 മാന്ത്രികർ ചേർന്ന് നിലവിലുള്ള ഗിന്നസ് റിക്കാർ ഡ് മറികടന്നു തുടർച്ചയായി പരിപാടികൾ അവതരിപ്പിച്ചു.

മജീഷ്യൻ സാമ്രാജിനോടൊപ്പം കുടുംബവും പൂർണ്ണമായി ഈ ദൗത്യത്തിൽ പങ്കാളിത്തം വഹിക്കുന്നു. സാമ്രാജ് വേൾഡ് ഓഫ് മാജിക്കിന്റെ മാനേജർ മേരിയാണ്. അവതരണത്തിന്റെ ഭാഗമായ കോസ്റ്റ്യൂം, ടീം കോർഡിനേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു. സൗണ്ട് എഞ്ചിനീയർ കൂടിയായ മൂത്ത മകൻ ജോജി പശ്ചാത്തലസംഗീതമൊരുക്കുന്നു. ഏവിയേഷൻ എഞ്ചിനീയറായ രണ്ടാമത്തെ മകൻ ജീവൻ ഡാൻസർ, സ്റ്റേജ് പെർഫോർമർ എന്ന നിലയിലും പ്രവർത്തിക്കുന്നു.

ശുചിത്വകേരളം പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി പ്രവർത്തകരുടെ സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ എറണാകുളത്ത് വിളിച്ചുകൂട്ടിയപ്പോൾ മജീഷ്യൻ സാമ്രാജും ക്ഷണിതാവായിരുന്നു. പരിസ്ഥിതി സംബന്ധമായ നിലപാടുകൾ തന്റെ വിദേശയാത്രാനുഭവത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിച്ചപ്പോൾ അതെഴുതി നൽകുവാൻ അദ്ദേഹം അവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിപരിപാലനവുമായി ബന്ധപ്പെട്ട സമഗ്രമായ ഒരു റിപ്പോർട്ട് മുഖ്യമന്ത്രിക്ക് നൽകുകയുമുണ്ടായി.

പ്രശസ്തിയോടൊപ്പം വിവാദങ്ങളും സാമ്രാജിനെ തേടിയെത്താറുണ്ട്. അവയിൽ പ്രധാനമായിരുന്നു മോഹൻലാൽ 2008ൽ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ 'ഫയർ എസ്കേപ്പ്' പരിപാടി അവതരിപ്പിക്കാൻ പോകുന്നുവെന്നറിഞ്ഞപ്പോൾ അതിനെ എതിർത്തത്. എതിർത്ത ശൈലയിലും ഒരു സാമ്രാജ് ടച്ച് ഉണ്ടായിരുന്നു. എറണാകുളം മറൈൻ ഡ്രൈവിൽ മൊബൈൽ മോർച്ചറിയിൽ കിടന്നുകൊണ്ടാണ് സാമ്രാജ് മോഹൻലാലിന്റെ പരിപാടിയെ എതിർത്തത്. എതിർപ്പും എതിർത്ത രീതിയും പത്രങ്ങൾ ആഘോഷമാക്കി. അനുകൂലിച്ചും പ്രതികൂലിച്ചും വാർത്തകൾ വന്നുകൊണ്ടിരുന്നു. മോഹൻലാലിനെപ്പോലുള്ള ഒരു നടൻ മാജിഷ്യന്റെ റോൾ ഏറ്റെടുത്താൽ ഉണ്ടാകാവുന്ന അപകടത്തെക്കുറിച്ച് മജീഷ്യൻ ബോധവാനായിരുന്നു. വിദഗ്ദ്ധരായ, പരിശീലിനം ലഭിച്ച, വിശ്വസ്തരായ അനുയായികളോടൊപ്പമാണ് ഇത്തരത്തിലൊരു പരിപാടി അവതരിപ്പിക്കേണ്ട തെന്നും അല്ലായെങ്കിലും അത് നടന്റെ ജീവന് അപകടം വരുത്തിവയ്ക്കുമെന്നുമായിരുന്നു സാമ്രാജിന്റെ നിലപാട്. കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയവരും ഉണ്ടായിരുന്നു. അമേരിക്കയിൽ ഷോ അവതരിപ്പിക്കാൻ പോയപ്പോൾ അവിടുത്തെ ഒരു മലയാളി പത്രം എഴുതിയത് 'മോഹൻലാലിന്റെ ജീവൻ രക്ഷിച്ച സാമ്രാജ് അമേരിക്കയിൽ' എന്നായിരുന്നു.

വിലപ്പെട്ട ജീവൻ രക്ഷിക്കുവാൻ തയ്യാറായ സാമ്രാജിന് സ്വന്തം ജീവനും കൊണ്ട് പലായനം ചെയ്യേണ്ടിവന്ന സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. അബുദബിയിൽ മാജിക് അവതരിപ്പിച്ചതു കണ്ട ഒരു അറബി പത്തുവയസ്സുള്ള തളർവാതം പിടിച്ച മകളെയും കൊണ്ട് സാമ്രാജ് താമസിക്കുന്ന ഹോട്ടലിലെത്തി. മകളുടെ തളർവാതം മാറ്റണമെന്നതാണ് അറബിയുടെ ആവശ്യം. മജീഷ്യനു അതിനു കഴിയുമെന്നും ഇല്ലായെങ്കിലും വെടിവെച്ചുകൊല്ലുമെന്നു ഭീഷണപ്പെടുത്തി. അത്യാവശ്യം ചില പൊടിക്കൈകൾ പ്രയോഗിച്ച സാമ്രാജ് പിറ്റേദിവസം നാട്ടിലേക്ക് തിരിച്ചു. സിനിമയിൽ അഭിനയിക്കാൻ വേണ്ടി താടി വടിച്ചിട്ട് പരിപാടിക്കായി കൃത്രിമ താടിവെച്ച് എയർപ്പോട്ടിൽ എത്തിയപ്പോഴുണ്ടായതുൾപ്പെടെയുള്ള ഒട്ടുവളരെ രസകരമായ അനുഭവങ്ങൾ അദ്ദേഹത്തിനു പറയുവാനുണ്ട്.

പരിപാടി നടത്താൻ സംഘടാകർക്ക് ഡേറ്റ് കൊടുത്താൽ അതു പാലിക്കപ്പെടുവാൻ കലാകാരൻ ബാധ്യസ്ഥനാണ്. ശാരീരാകസ്വസ്ഥത ഉണ്ടെങ്കിലും അതു വകവയ്ക്കാതെ പരിപാടി അവതരിപ്പിക്കേണ്ട പല സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. കാസർഗോഡ് പടന്നക്കാട് നക്ഷത്ര ഓഡിറ്റോറിയത്തിൽ നടത്താനിരുന്ന പരിപാടി കടുത്ത പനി കാരണം മാറ്റിവയ്ക്കുവാൻ നിർവ്വാഹമില്ലാതെ അവതരിപ്പിക്കേണ്ടിവന്നപ്പോഴുണ്ടായ അനുഭവം ചിരിപ്പിക്കുന്നതും ചിന്തിപ്പിക്കുന്നതുമാണ്. ഷോയുടെ പ്രധാന ഇനമായ 'ബുളറ്റ് ക്യാച്ചിങ്' അത്തരത്തിലൊന്നായിരുന്നു. വേദിയിലേക്കു വന്ന ആൾ 'വൺ ടു ത്രി എന്നു കേൾക്കുമ്പോൾ വെടിയുതിർക്കണം. 'വൺ.. ടൂ..' എന്നു പറഞ്ഞപ്പോഴേക്കും, വെടിയുതിർക്കുന്നതിനു മുമ്പുതന്നെ സാമ്രാജ് വെട്ടേറ്റതുപോലെ വീണു. എന്നിട്ടും കാണികൾ കൈയ്യടിച്ചു. കർട്ടനിട്ട് അനൗൺസ്മെന്റ് നടത്തിയപ്പോൾമാത്രമാണ് സാമ്രാജ് ബോധം കെട്ടു വീണുവെന്നും പരിപാടി നിർത്തിവയ്ക്കുകയാണെന്നും മനസ്സിലായത്. അടുത്തള്ള ആശുപത്രിയിൽ പ്രവേശിച്ച സാമ്രാജ് മൂന്നാം നാളാണ് നാട്ടിലെത്തുന്നത്. സാമ്രാജ് അമാനുഷികരാണെന്നും അവർക്ക് രോഗാദിപീഡകളൊന്നും വരില്ലായെന്നുമാണ് പരിഷ്കൃതസമൂഹം പോലും കരുതുന്നത്.

വിവിധ പ്രസിദ്ധീകരണങ്ങളിൽ ജാലവിദ്യയെ സംബന്ധിച്ച പംക്തികൾ എഴുതി. മാന്ത്രികം, മാജിക് എന്ന അത്ഭുത കല, ഇന്ദ്രജാലം (മാജിക് പഠന സഹായി) തുടങ്ങിയ കൃതികൾ കറന്റ് ബുക്സ് ഉൾപ്പെടെയുള്ള പ്രസാധകർ പ്രസിദ്ധീകരിച്ചു. ദി മാജിക്, മാജിക് ഫോർ കിഡ്സ് (ഇംഗ്ലീഷ്), ഇന്ദ്രജാൽ (ഹിന്ദി) പതിപ്പുകളും ഉണ്ടായി.

നിരവധി ദേശീയ അന്തർദേശീയ അവാർഡുകൾ സാമ്രാജിനെ തേടിയെത്തിയിട്ടുണ്ട്. 1992ൽ ജർമ്മൻ മാജിക് സർക്കിൾ നൽകിയ ഏറ്റവും മികച്ച ഐന്ദ്രജാലികനുള്ള അവാർഡ്, ഏറ്റവും നല്ല മാജിക് അവതാരകനുള്ള ദുബായ് മാജിക് കൺവൻഷൻ ബഹുമതി, 1998ൽ ലയൺസ് ക്ലബ് ഇന്റർനാഷണലിന്റെ എക്സലൻസ് അവാർഡ്, 2000ത്തിൽ കേരള മുഖ്യമന്ത്രി ഇ.കെ.നായനാർ സമ്മാനിച്ച പ്രസ് ക്ലബിന്റെ പ്രത്യേക ബഹുമതി, 2001ൽ കേരള സർക്കാരിന്റെ ഏറ്റവും മികച്ച മജീഷ്യനുള്ള സംഗീത നാടക അക്കാദമി അവാർഡ്, 2002ൽ ഇന്ത്യയിലെ ഏറ്റവും മികച്ച മാജിക് അവതാരകനുള്ള ഉത്തരേന്ത്യൻ മാജിക് സർക്കിളിന്റെ ജാദുരത്ന അവാർഡ്, ബഹറിൻ രാജാവ് സമ്മാനിച്ച വിശിഷ്ട പുരസ്കാരം, 2005ൽ വൈ.എം.സി.എ ഇന്റർനാഷണൽ നൽകിയ സിദ്ധരത്ന അവാർഡ്, ബ്രിസ്ബെയിൻ മാജിക് അസോസിയേഷന്റെ മാസ്റ്റർ ഓഫ് മാജിക് അവാർഡ്, മാജിക് ലോകത്തിലെ ഓസ്കാർ എന്നു വിശേഷിപ്പിക്കുന്ന മെർലിൻ അവാർഡ് തുടങ്ങിയവയാണ് തേടിയെത്തിയത്.

അമേരിക്ക, യു.കെ, ജർമനി, തായ്‌ലന്റ്, മറീഷ്യസ്, ഓസ്ട്രേലിയ, ന്യൂസിലന്റ്, ഇറ്റലി, ശ്രീലങ്ക, ഗൾഫ് രാജ്യങ്ങളായ മസ്കറ്റ്, ബഹറിൻ, കുവൈറ്റ്, യു.എ.ഇ, ഖത്തർ തുടങ്ങി മുപ്പതിൽപ്പരം രാജ്യങ്ങളിൽ മജിക് പ്രോഗ്രാം അവതരിപ്പിച്ചിട്ടുണ്ട്. മൂന്നര പതിറ്റാണ്ടുകാലം മജീഷ്യൻ സാമ്രാജ് അമാനുഷിക വൈഭവങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് മാജിക്ക് ചരിത്രത്തിലെ ഒരു പ്രത്യേക അദ്ധ്യായമായി മാറിയിരിക്കുന്ന

സുവർണ്ണഗീതങ്ങൾ



# ഇളവന്നൂർ മഠത്തിലെ ഇണക്കുയിൽ



ടി.പി.ശാസ്തമംഗലം

വടക്കൻപാട്ടുവിഷയങ്ങളെ അധികരിച്ചുള്ള ചലച്ചിത്രങ്ങൾ മുമ്പ് ഗാനരചന നിർവ്വഹിച്ചിരുന്നത് രണ്ടു പേരായിരുന്നു- പി.ഭാസ്കരനും വയലാർ രാമവർമ്മയും. അവർ രണ്ടുപേരും ആ രംഗത്ത് മികവു തെളിയിക്കുകയും ചെയ്തു. 1978ൽ നവോദയയുടെ ബാനറിൽ അപ്പച്ചൻ നിർമ്മിച്ച് സംവിധാനം ചെയ്ത കടത്തനാട്ടുമാക്കം എന്ന ചിത്രത്തിനുവേണ്ടി പി. ഭാസ്കരൻ എഴുതിയ ചേതോഹരമായ ഒരു ഗാനം അന്നുമിന്നും സഹൃദയരെ ആകർഷിക്കുന്നതാണ്. സിന്ധു ഭൈരവി രാഗത്തിൽ ജി.ദേവരാജൻ ചിട്ടപ്പെടുത്തി യേശുദാസ് പാടിയ ഗാനമാണത്.

*ഇളവന്നൂർ മഠത്തിലെ ഇണക്കുയിലേ മാറിൽ*
*കളഭക്കൂട്ടണിഞ്ഞുക്കൊണ്ടുറക്കമായോ*
*വിരഹത്തിൻ ചൂടുണ്ടോ വിയർപ്പുണ്ടോ നിന്നെ*
*വീശുവാൻ മേടക്കാറ്റിൻ വിശറിയുണ്ടോ.*

കടത്തനാട്ടിലെ നാടുവാഴികളാണ് ഇളവന്നൂർ മഠക്കാർ. മഠത്തിലെ നാലു സഹോദരന്മാരും ഏകസഹോദരിയായ മാക്കവും ചേർന്നാണ് ആ നാടു ഭരിച്ചിരുന്നത്. ഇളവന്നൂർ മഠത്തിന്റെ വകയാണ് കേൾവികേട്ട ആയില്യം കാവുക്ഷേത്രം. ക്ഷേത്രത്തിലെ ഭഗവതിയുടെ അനുഗ്രഹം മുഴുവൻ മാക്കത്തിനുണ്ടെന്ന് എല്ലാവരും വിശ്വസിച്ചിരുന്നു. അതിനാൽ നാട്ടുകാരുടെ പരാതികൾകേട്ട് തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള തീരുമാനങ്ങൾ കല്പിച്ചിരുന്നത് ഇളയവളായ മാക്കമായിരുന്നു. ഈ മാക്കത്തെ ലക്ഷ്യമാക്കിയാണ് നായകനുവേണ്ടി പി.ഭാസ്കരൻ ഈ ഗാനം വാർത്തെടുത്തത്.

ഇണക്കുയിലേ എന്ന സംബോധനയിൽ നിന്നുതന്നെ നായികയോടുള്ള നായകന്റെ അടുപ്പവും അനുരാഗവും വ്യക്തമാകുന്നു. അംഗരാഗങ്ങളിൽ ഒരിനമാണ് കളഭക്കൂട്ട്. അകിൽ, ചന്ദനം, ഗുഗ്ഗുലു, മാഞ്ചി, കുങ്കുമപ്പൂവ്, കൊട്ടം, ഇരുവേലി, രാമച്ചം എന്നീ എട്ടു സുഗന്ധദ്രവ്യങ്ങൾ ചേർന്നതാണ് കളഭക്കൂട്ട്.

*കുങ്കുമം കൊണ്ടവൾ പൊട്ടുകുത്തി*
*കസ്തൂരികളഭങ്ങൾ പൂശുന്നുണ്ടേ*

എന്ന് ഉണ്ണിയാർച്ചയുടെ ചമയ വർണ്ണന വടക്കൻ പാട്ടുകളിൽ കാണാം. കളഭക്കൂട്ട് കുളിർമ്മയുള്ളതായിരിക്കും. അതിനാൽ അതണിഞ്ഞു കഴിഞ്ഞാൽ ഉറക്കം വന്നെന്നുവരാം. ഇവിടെ ഇളവന്നൂർ മഠത്തിലെ ഇണക്കുയിലിനോട് പി.ഭാസ്കരൻ മാറിൽ കളഭക്കൂട്ടണിഞ്ഞുകൊണ്ട് ഉറക്കമായോ എന്നു ചോദിച്ചത് അക്കാരണത്താലാണ്. ആ ഉറക്കം എങ്ങനെയുള്ളതാണെന്നുകൂടി അദ്ദേഹത്തിന് അറിയണം. നായകൻ അടുത്തില്ലാത്തതുകൊണ്ട് വിരഹത്തിന്റെ ചൂടും അതുമൂലം വന്നുചേർന്ന വിയർപ്പും ഉണ്ടോ എന്നാണ് കവിയുടെ ചോദ്യം. മാറിൽ കളഭക്കൂട്ടണിഞ്ഞതുകൊണ്ട് തണുപ്പു തോന്നാമെങ്കിലും വിരഹമനുഭവപ്പെടുമ്പോൾ ആർക്കും ചൂടും വിയർപ്പുമുണ്ടാകുമെന്ന് പരോക്ഷമായി സൂചിപ്പിക്കുകയാണ് അദ്ദേഹം. ആ ചൂടും വിയർപ്പുമില്ലാതാക്കാൻ മേടക്കാറ്റിന്റെ വിശറിയുണ്ടോ എന്നും അദ്ദേഹത്തിന് അറിയണമെന്നുണ്ട്.

*കളിവള്ളം കെട്ടിയിട്ടു പുഴക്കടവിൽ ഞാൻ*
*മലരണി വാകച്ചോട്ടിൽ മയങ്ങുമ്പോൾ*
*കനവിന്റെ കളിത്തേരിൽ വന്നില്ലേ- സ്നേഹ-*
*ക്കളിവാക്കു പറഞ്ഞെന്നെ ക്ഷണിച്ചില്ലേ.*

നായകൻ ഇളവന്നൂർ മഠത്തിന് ഏതാണ്ടടുത്തുതന്നെയുണ്ട്. പുഴയിലൂടെ കളിവള്ളത്തിൽ വന്നിട്ട് പുഴക്കടവിൽ അതു കെട്ടിയിട്ടശേഷം മലരണി വാകച്ചോട്ടിൽ മയങ്ങുകയാണ്. തുഴഞ്ഞു വന്നതിന്റെ ക്ഷീണം കൊണ്ടാകാം നായകൻ മയങ്ങിപ്പോയത്. (ഓർക്കുക, ഉറക്കമെന്നല്ല മയക്കമെന്നാണ് ക്രാന്തദർശിയായ കവിയുടെ പ്രയോഗം). ആ മയക്കത്തിൽ അവനൊരു സ്വപ്നം കണ്ടു. ഇളവന്നൂർ മഠത്തിലെ ഇണക്കുയിൽ കളിത്തേരിൽ നായകന്റെ അരികിലേക്കു വരുകയും സ്നേഹത്തിന്റെ കളിവാക്കുകൊണ്ട് അവനെ ക്ഷണിക്കുകയും ചെയ്തു. പല്ലവിയിൽ ഏതാനും ചോദ്യങ്ങൾ, അനുപല്ലവിയിൽ കഥ പറയുന്ന ലാഘവത്തോടെ അവളെ ഉണർത്തിക്കാൻ പോന്ന ചില കാര്യങ്ങൾ. എല്ലാം സംഭവിച്ചതാണെന്നു തോന്നും ഗാനം കേൾക്കുമ്പോൾ. അത്രയ്ക്കു വിശ്വാസ്യത കൈവരത്തക്ക തരത്തിലാണ് അദ്ദേഹം ഗാനം ചമച്ചിരിക്കുന്നത്.

*പതിനഞ്ചാം രാവിലെ പാലാഴിത്തിരമാല*
*പടകാളി മുറ്റത്തെത്തി വിളിക്കുന്നു*
*പുളിയിലക്കരമുണ്ടു പുതച്ചാട്ടെ-*
*നിന്റെ*
*സഖിമാരെയുണർത്താതെ വന്നാട്ടെ.*

പതിനഞ്ചാം രാവെന്ന് ഉദ്ദേശിക്കുന്നത് പൗർണ്ണമിമാസ ദിനമാണ്. അന്ന് നിലാവ് പരന്നൊഴുകുമല്ലോ. അതുകൊണ്ടാണ് പാലാഴിയെന്നും അവിടുത്തെ തിരമാല പടകാളി മുറ്റത്തെത്തി വിളിക്കുന്നുവെന്നും പി.ഭാസ്കരൻ എഴുതിയത്. നല്ല നിറമുള്ള രാത്രി. നായികാനായക സമാഗമനത്തിന് അനുയോജ്യമായ അവസരം. പുഴക്കടവിൽ എത്തിയപാടെ ക്ഷീണം കൊണ്ട് തെല്ലൊന്നു മയങ്ങിയെങ്കിലും ഇപ്പോൾ ഉറക്കം വരാതെ നിലാവിന്റെ കുളിർമ്മയനുഭവിച്ച് നായകൻ മലരണി വാകച്ചോട്ടിൽ ഇരിക്കുകയാണ്. ആ സമയത്ത് അരികിൽ അവൾകൂടി ഉണ്ടായിരുന്നെങ്കിലെന്ന് ആശിച്ചുപോകുകയാണ് നായകൻ. ഉള്ളിലുള്ള അദമ്യമായ മോഹം ഒടുവിൽ അവനെക്കൊണ്ട് അവളെ തന്റെ അടുത്തേക്ക് ക്ഷണിക്കുന്നിടം വരെയെത്തി.

മാറിൽ കളഭക്കൂട്ടണിഞ്ഞവളാണു നായിക. അതുകൊണ്ടാവാം പുളിയിലക്കരമുണ്ട് പുതച്ചാട്ടെ എന്ന് നായികയോട് നായകൻ ആവശ്യപ്പെട്ടത്. പോരെങ്കിൽ, പണ്ടൊക്കെ സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ പുളിയിലക്കരമുണ്ട് പുതയ്ക്കുന്ന പതിവുണ്ടായിരുന്നതും കവി പരിഗണിച്ചിട്ടുണ്ടാവണം. സഖിമാർക്കൊപ്പമാണ് മാക്കം കഴിയുന്നത്. അവരെ ഉണർത്താതെ നായിക ഒറ്റയ്ക്കുവേണം പ്രേമസല്ലാപത്തിനിറങ്ങി എന്ന പ്രസ്താവത്തിനും ഗാനത്തിൽ വലിയ സ്ഥാനമുണ്ട്.

ഹൃദ്യമായ ഈണം, ശ്രുതിമധുരമായ ആലാപനം എന്നിവ കൂടിയായപ്പോൾ ഗാനത്തിന് കൂടുതൽ ചൈതന്യം കൈവന്നു. പഴയ പാട്ടുകൾക്കുള്ള ഏറ്റവും വലിയ ഗുണവും അതാണല്ലോ.

# ഇന്ത്യയുടെ ഉരുക്കു മനുഷ്യൻ

ഐക്യരാഷ്ട്രസഭയിൽ ഉന്നയിച്ചത് നെഹ്റുവായിരുന്നു. ജുണഗഢിലും ഹൈദരാബാദിലും പട്ടേൽ പട്ടാളത്തെ അയച്ചു അനുനയിപ്പിച്ചു. മറ്റാരായിരുന്നുവെങ്കിലും ഇത് സംഭവിക്കുമായിരുന്നില്ല. ജനാധിപത്യത്തിന്റെ കാവൽടന്മാരായി ഇന്ത്യൻ സിവിൽ സർവ്വീസ് ഉണ്ടാക്കിയതും അതിന് ഉരുക്കു ചട്ടക്കൂട് വാർത്തെടുത്തതും സർദാർ പട്ടേലിന്റെ സംഭാവനകളിൽ പെടും. ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ഒരു പുനർനിർമാണ പദ്ധതി ഗാന്ധിജി നൽകിയത് പ്രാവർത്തികമാക്കാനുള്ള ദൗത്യം സർദാർ വല്ലഭഭായി പട്ടേലിനായിരുന്നു. ഇതുതന്നെയാണ് മോദിസർക്കാർ പടുകൂറ്റൻ പ്രതിമ പടുത്തുയർത്താൻ മുന്നോട്ടു വന്നതിനും കാരണം.

**പട്ടേലും കേരളവും:**

ഉത്തരവാദിത്ത പ്രക്ഷോഭത്തിന്റെ ഭാഗമായിട്ടായിരുന്നു തിരുവിതാംകൂറിലെ സ്റ്റേറ്റ് കോൺഗ്രസും കൊച്ചിയിലെ പ്രജാമണ്ഡലവും ഇന്ത്യൻ സ്വതന്ത്ര്യസമരത്തിൽ പങ്കെടുത്തത് എന്നു പറയാം. നാട്ടുരാജ്യങ്ങളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ശാഖകൾ വേണ്ടെന്ന് കോൺഗ്രസ് തീരുമാനിച്ചിരുന്നു. കാരണം നാട്ടുരാജ്യങ്ങളിൽ ബ്രിട്ടീഷ് വിരുദ്ധ സ്വാതന്ത്ര്യസമരം ഉണ്ടായിരുന്നില്ല എന്നതുതന്നെ. അവിടെ രാജാധിപത്യത്തിനും ദിവാൻ ഭരണത്തിനുമെതിരായുള്ള സമരങ്ങളാണ് നടന്നിരുന്നത്. കൂട്ടുത്തരവാദിത്തമുള്ള നിയമസഭകളുടെ സൃഷ്ടിയായിരുന്നു ലക്ഷ്യം. നിയമസഭകളുടെ ഉത്തരവാദിത്തം രാജാവിനോടായിരുന്നു. അത് മാറ്റി ജനങ്ങളോടാക്കണമെന്ന ലക്ഷ്യമാണുണ്ടായിരുന്നത്. ഇതിനെ തകിടംമറിക്കാൻവേണ്ടി ദിവാൻ സർ. സി.പി. രാമസ്വാമി അയ്യർ (1931-47) അമേരിക്കൻ മോഡൽ ഭരണഘടന കൊണ്ടുവന്നു. അത് അറബിക്കടലിൽ എന്ന പ്രത്യാക്രമണത്തോടെ സ്റ്റേറ്റ് കോൺഗ്രസ് തള്ളിക്കളഞ്ഞു.

ഇതിനിടയിലുംദിവാൻ സ്വതന്ത്ര തിരുവിതാംകൂർ ആശയം കൊണ്ടുനടന്നിരുന്നു. അതിനുവേണ്ടിയുള്ള ചർച്ചകളും പട്ടേലുമായും നെഹ്റുവുമായും നടത്തിയിരുന്നു. എന്നാൽ തിരുവനന്തപുരം സംഗീത കോളേജിൽ നടന്ന വധശ്രമം - കെ.സി.എസ്. മണിയുടെ - ദിവാനെ തിരുവനന്തപുരത്തുനിന്ന് കെട്ടുകെട്ടിച്ചു (1947 ജൂലൈ 25). ഇതോടെ പട്ടേലിന്റെ സംസ്ഥാന സംയോജനം എളുപ്പമായി. സ്റ്റേറ്റ്സ് മന്ത്രി വി.പി.മേനോൻ തിരുവനന്തപുരത്തെത്തി. ചിത്തിരതിരുനാൾ മഹാരാജാവിനെ രാജപ്രമുഖൻ (ഗവർണർ) ആക്കുകയും കൊച്ചി-തിരുവിതാംകൂർ ലയനം സുസാധ്യമാക്കുകയും ചെയ്തു. കൊച്ചിയിലെ പരീക്ഷിത്ത് തമ്പുരാൻ തനിക്ക് ഒരു പഞ്ചാംഗം വർഷംതോറും തന്നാൽ മതിയെന്ന് പറഞ്ഞ് വി.പി.മേനോന്റെ മുമ്പിൽ തന്റെ താമസസ്ഥലമായ തൃപ്പൂണിത്തുറയിലെ ഹിൽപാലസുപോലും സമർപ്പിച്ചു. തിരു-കൊച്ചി സംസ്ഥാനം അനായാസം നിലവിൽവന്നു (1949 ജൂലൈ 1). ഭാഷാ സംസ്ഥാനങ്ങൾ സൃഷ്ടിക്കപ്പെട്ടപ്പോൾ മലബാറും കൂട്ടിച്ചേർക്കപ്പെട്ടു. 1956 നവംബർ ഒന്നിന്. ഹൈദരാബാദിലും കാശ്മീരിലും ഉണ്ടായതുപോലുള്ള കടുംപിടുത്തങ്ങൾ കേരളത്തിൽ ഉണ്ടായില്ല. സംയോജനപ്രക്രിയ പൂർത്തിയാക്കുന്നതിന് പട്ടേൽ വി.പി.മേനോനെയാണ് ചുമതലപ്പെടുത്തി കേരളത്തിലേക്ക് അയച്ചത്.

പാർട്ടിയുടെ മേലുള്ള സർദാറിന്റെ സ്വാധീനം അലംഘനീയമായിരുന്നു. പ്രധാനമന്ത്രി ജവഹർലാൽ ആയിരുന്നുവെങ്കിലും 1946 മുതൽ 1952 വരെയെങ്കിലും പട്ടേൽ ഉയർത്തിപ്പിടിച്ച അന്തഃസത്ത നെഹ്റുവിന് കാത്തുസൂക്ഷിക്കേണ്ടി വന്നു. അനാരോഗ്യം പട്ടേലിനെ തളർത്തി. ആ ഉരുക്കു മനുഷ്യൻ 1950 ഡിസംബർ 15ന് നമ്മെ വിട്ടുപോയി. 1909ൽ ഭാര്യ സാവേർബായി മരിച്ചതിനുശേഷമുള്ള പട്ടേലിന്റെ കാലം ഇന്ത്യയുടെ സ്വാതന്ത്ര്യസമ്പാദന കാലവും രാഷ്ട്ര പുനഃനിർമാണ കാലവുമായിരുന്നു. ദഹ്യഭായി പട്ടേൽ എന്ന മകനും മണിബെൻ പട്ടേൽ എന്ന മകളും സർദാറിന്റെ മരണ വേളയിൽ അരികിലുണ്ടായിരുന്നു. 143-ാം ജന്മദിനാശംസകൾ നേരാൻ സർദാർജി നമ്മോടൊപ്പമില്ല. അദ്ദേഹം വെട്ടിത്തുറന്ന പന്ഥാവ്-സത്യത്തിലും ധർമ്മത്തിലും ഉറപ്പിച്ചു മുന്നോട്ടു കൊണ്ടു പോകുക ഓരോ ഭാരതീയന്റേയും കടമയാണ്. ഈ ഉരുക്കു മനുഷ്യന് ബാഷ്പാഞ്ജലി അർപ്പിക്കുന്നു.